Mathrubhumi
യഥാർത്ഥ പത്രത്തിന്റെ ശക്തി
Federal Bank

Mathrubhumi Seed
Student Empowerment for Environmental Development

In Partnership with
Federal Bank
Hormis Memorial Foundation

STUDENT EMPOWERMENT FOR ENVIRONMENTAL DEVELOPMENT

# STITCHING THE LAND AND SEA

# സീഡ്

## കൈപ്പുസ്തകം 2026-27

ഏകദേശം
നൂറുവർഷത്തോളം
ഈ ഗ്രഹത്തിൽ
ജീവിച്ചതിനുശേഷം ഭൂമിയിലെ
ഏറ്റവും പ്രധാനപ്പെട്ട സ്ഥലം
കരയല്ല, മറിച്ച് കടലാണെന്ന്
ഞാൻ ഇപ്പോൾ
മനസ്സിലാക്കുന്നു. നമ്മൾ
കടലിനെ സംരക്ഷിച്ചാൽ
ലോകത്തെത്തന്നെ
രക്ഷിക്കാനാവും

**-ഡേവിഡ് ആറ്റൻബറോ**

# 18th YEAR

സമൂഹനന്മ കുട്ടികളിലൂടെ

**INNOVATIVE PROJECT**
**കുളവാഴകൊണ്ട് ജലശുദ്ധീകരണം**

# നടന്നുതെളിയുന്ന വഴികൾ



കേരളത്തിലെ വിദ്യാർഥിസമൂഹത്തിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനും പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ അവരെ സജീവപങ്കാളികളാക്കുന്നതിനുമായി മാതൃഭൂമി ആവിഷ്കരിച്ച പദ്ധതിയാണ് 'സീഡ്' (Student Empowerment for Environmental Development). 1923-ൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മുഖപത്രമായി ജന്മമെടുത്ത മാതൃഭൂമി, കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക വികസനത്തിൽ വഹിച്ച ചരിത്രപരമായ പങ്കാളിത്തത്തിന്റെ തുടർച്ചയായാണ് ഈ പദ്ധതിയെയും കാണുന്നത്. വിദേശാധിപത്യത്തിൽനിന്നുള്ള മോചനത്തിനുശേഷം, ഇന്ന് നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി, പാരിസ്ഥിതികത്തകർച്ചയും കാലാവസ്ഥാവ്യതിയാനവുമാണ്. ആ തിരിച്ചറിവിന്റെ ഭാഗമായാണ് പ്രകൃതിയെ സംരക്ഷിക്കാനുള്ള ശ്രമത്തിന് മാതൃഭൂമി തുടക്കംകുറിച്ചത്.

2009 ജൂൺ അഞ്ചിന് ലോക പരിസ്ഥിതിദിനത്തിൽ ആരംഭിച്ച ഈ സംരംഭം, 17 വർഷത്തെ വിജയകരമായ പ്രവർത്തനങ്ങൾ പിന്നിട്ട് 2026-27 അധ്യയനവർഷത്തിലേക്ക് കടക്കുകയാണ്. പ്രകൃതിവിഭവങ്ങൾ വരുംതലമുറകൾക്ക് കൈമാറേണ്ടതുണ്ടെന്നും ലോകത്തിന്റെ ഭാവി ഇന്നത്തെ കുട്ടികളിലാണെന്നുമുള്ള വിശ്വാസമാണ് സീഡ് പദ്ധതിയുടെ അടിസ്ഥാനശില. സ്കൂൾതലത്തിൽ നടപ്പാക്കുന്ന, ഇന്ത്യയിലെതന്നെ ഏറ്റവും വലിയ ഹരിതസംരംഭമായി സീഡ് മാറിക്കഴിഞ്ഞു. സംസ്ഥാനത്തെ 7000-ത്തിലധികം വിദ്യാലയങ്ങളിൽ ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്നു. സീഡ് പദ്ധതിയുടെ വ്യാപ്തിയും നേട്ടങ്ങളും കഴിഞ്ഞ 17 വർഷമായി കേരളത്തിന്റെ പാരിസ്ഥിതിക ഭൂപടത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വലുതാണ്. പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലങ്ങളിലായി വ്യാപിച്ചുകിടക്കുന്നു ഈ പദ്ധതി. ഇത് വായു, ജലം, മണ്ണ് എന്നിവയുടെ സംരക്ഷണത്തിനുതകുന്ന പുതിയൊരു സംസ്കാരം കേരളത്തിൽ രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്.

കേവലം ബോധവത്കരണത്തിനപ്പുറം, പ്രായോഗികവും അളക്കാൻകഴിയുന്നതുമായ ഫലങ്ങൾ സൃഷ്ടിക്കാൻ ഈ സംരംഭത്തിന് സാധിച്ചു. 38.4 ലക്ഷം വിദ്യാർഥികളാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള ഗുണഭോക്താക്കൾ. മുൻകാലപ്രവർത്തനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ പദ്ധതിയുടെ വ്യാപ്തി വ്യക്തമാക്കുന്നു. കഴിഞ്ഞ 17 വർഷത്തെ കണക്കുകൾ പ്രകാരം 20,41,158 തൈകൾ നട്ടു. ഇതിൽ 11,34,857 തൈകൾ സംരക്ഷിക്കപ്പെടുന്നു. 6,88,441 കിലോഗ്രാം നെല്ല്, 20,32,398 കിലോഗ്രാം പച്ചക്കറികൾ, 12,89,969 കിലോഗ്രാം പഴവർഗങ്ങൾ എന്നിവ ഉത്പാദിപ്പിച്ചു. 10,39,681 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി വേർതിരിച്ച് പുനരുപയോഗത്തിനായി കൈമാറി. 13,85,593 ലിറ്റർ ജലം സംരക്ഷിക്കുകയും ഒട്ടേറെ പ്രാദേശികജലാശയങ്ങൾ വീണ്ടെടുക്കുകയും ചെയ്തു. 60,579 കാംപെയ്നുകൾ, 50,858 റാലികൾ, 96,622 പോസ്റ്റർ എക്സിബിഷനുകൾ, 89,679 സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചു. ഈ കണക്കുകൾ കേവലം അക്കങ്ങളല്ല, മറിച്ച് കേരളത്തിലെ വിദ്യാർഥിസമൂഹത്തിൽ സംഭവിച്ച വലിയൊരു മനോഭാവ മാറ്റത്തിന്റെ (Behavioural change) പ്രതിഫലനമാണ്. പ്രവർത്തനങ്ങളിൽ വിദ്യാർഥികളോടൊപ്പം നിൽക്കുകയും അവരെ മുന്നോട്ടുനയിക്കുകയും ചെയ്യുന്ന അധ്യാപകരോടും രക്ഷിതാക്കളോടും സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളോടുമുള്ള നന്ദി അറിയിക്കുന്നു. സീഡ് പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ സഹകരണം നൽകിയ വിദ്യാഭ്യാസ, വനം, കൃഷി വകുപ്പുകളോടും സർക്കാർ സ്ഥാപനങ്ങളോടുമുള്ള കടപ്പാടും ഓർമ്മിക്കുന്നു. നല്ല നാളേക്കായുള്ള ഈ പ്രവർത്തനങ്ങളിൽ നമുക്ക് ഒരുമിച്ച് മുന്നേറാം.

**എം.വി.ശ്രേയാംസ്കുമാർ**
**മാനേജിങ് ഡയറക്ടർ, മാതൃഭൂമി**

# Messages



നമ്മുടെ ആവാസവ്യവസ്ഥയെ പരിപാലിച്ചും പരിരക്ഷിച്ചും സമൂഹനന്മ അടുത്ത തലമുറയിലൂടെ എന്ന ലക്ഷ്യത്തോടെ മാതൃഭൂമി സംഘടിപ്പിക്കുന്ന (Student Empowerment for Environmental Development) പദ്ധതി 18 -ാം വർഷത്തിലേക്ക് കടക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷം. പ്രകൃതി നമുക്കായി ഒരുക്കിയിട്ടുള്ള വിഭവങ്ങളുടെ ശരിയായ വിനിയോഗം ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രാധാന്യമുള്ള കാര്യമാണ്.

ഈ വർഷത്തെ സീഡ് പ്രവർത്തനങ്ങളുടെ ഭാഗമായി അധ്യാപകർക്കും വിദ്യാർഥികൾക്കും വേണ്ടി മാതൃഭൂമി പുറത്തിറക്കുന്ന കൈപ്പുസ്തകത്തിന് എല്ലാ വിജയാശംസകളും നേരുന്നു.

സ്നേഹപൂർവം,

**വി.ഡി. സതീശൻ**

**മുഖ്യമന്ത്രി, കേരളം**



'സമൂഹനന്മ കുട്ടികളിലൂടെ' എന്ന പ്രമേയത്തിലൂടെ മാതൃഭൂമിയും ഫെഡറൽ ബാങ്കും സംയുക്തമായി നമ്മുടെ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'സീഡ്' പദ്ധതിക്ക് ഊഷ്മളമായ ആശംസകൾ നേരുന്നു.

വിദ്യാർഥികളിൽ അന്തർലീനമായ നൈസർഗികവാസനകൾ കണ്ടെത്താനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ അവരെ സമൂഹത്തോട് ചേർത്ത്നിർത്താനും ഇത്തരം പദ്ധതികൾ ഏറെ ഫലപ്രദമാണ്. നന്മകൾകൂടി കോർത്തിണക്കുന്ന പൂങ്കാവനങ്ങളായി നമ്മുടെ വിദ്യാലയങ്ങൾ മാറട്ടെയെന്ന് ആശംസിക്കുന്നു.

**എൻ. ഷംസുദ്ദീൻ**

**വിദ്യാഭ്യാസമന്ത്രി, കേരളം**

## സീഡ് വിശിഷ്ട ഹരിതവിദ്യാലയങ്ങൾ 2009 മുതൽ 2025 വരെ

> 2009-10 എസ്.എൻ.ഡി.പി. ഹൈസ്കൂൾ നീലീശ്വരം, എറണാകുളം
> 2010-11 ജവഹർ നവോദയ വിദ്യാലയം, ലക്കിടി, വയനാട്
> 2011-12 എസ്.വി.ജി.വി.എച്ച്.എസ്.എസ്., കിടങ്ങന്നൂർ, പത്തനംതിട്ട
> 2012-13 എച്ച്.ഡി.പി. സമാജം എച്ച്.എസ്., എടതിരിഞ്ഞി, തൃശ്ശൂർ
> 2013-14 വി.വി.എച്ച്.എസ്.എസ്., താമരക്കുളം, ആലപ്പുഴ
2014-15 ജി.യു.പി.എസ്. ഭീമനാട്, പാലക്കാട്
> 2015-16 എരഞ്ഞിമങ്ങാട് ജി.യു.പി. സ്കൂൾ, മലപ്പുറം
> 2016-17 കൂത്തുപറമ്പ് എച്ച്.എസ്.എസ്., തൊക്കിലങ്ങാടി, കണ്ണൂർ
> 2017-18 ജി.വി.എച്ച്.എസ്.എസ്., രാജകുമാരി, ഇടുക്കി
> 2018-19 രാജീവ് ഗാന്ധി മെമ്മോറിയൽ എച്ച്.എസ്.എസ്., മൊകേരി, കണ്ണൂർ
> 2019-20 ജി.വി.എച്ച്.എസ്.എസ്., കരുനാഗപ്പള്ളി, കൊല്ലം
> 2020-21 മങ്കര വെസ്റ്റ് ബേസിക് യു.പി. സ്കൂൾ, പാലക്കാട്
> 2021-22 എസ്.എൻ.യു.പി. സ്കൂൾ, പോത്തിൻകണ്ടം, ഇടുക്കി
> 2022-23 എളമക്കര ഭവൻസ് വിദ്യാമന്ദിർ, എറണാകുളം
> 2023-24 ചെന്ത്രാപ്പിന്നി ഹയർ സെക്കൻഡറി സ്കൂൾ, തൃശ്ശൂർ
> 2024-25 എടത്തനാട്ടുകര പി.കെ.എച്ച്.എം.ഒ. യു.പി. സ്കൂൾ, പാലക്കാട്
> 2025-26 എളമരം ബി.ടി.എം.ഒ. യു.പി. സ്കൂൾ, മലപ്പുറം

## ഡിജിറ്റൽക്കാലത്ത് കൂടുതൽ പുതുമയോടെ മാതൃഭൂമി സീഡ്

പതിനേഴുവർഷമായി കേരളത്തിന്റെ പരിസ്ഥിതിസംരക്ഷണ രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന വിദ്യാർഥിപ്രസ്ഥാനമാണ് 'മാതൃഭൂമി സീഡ്'. 'മരംനടൽമാത്രമല്ല, സമൂഹത്തിനൊന്നാകെ നന്നായി ജീവിക്കാനുള്ള അവസരമൊരുക്കുകയാണ് പരിസ്ഥിതിപ്രവർത്തനം' എന്ന കാഴ്ചപ്പാടാണ് സീഡ് മുന്നോട്ടുവെച്ചത്. അതിന് വലിയ സ്വീകാര്യത ലഭിച്ചു എന്നത് സന്തോഷകരമാണ്.

പതിനെട്ടാംവർഷത്തിലേക്ക് കടക്കുമ്പോൾ പരിസ്ഥിതിപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും ആവശ്യമാണെന്ന സൂചനകളാണ് കാലാവസ്ഥ നൽകുന്നത്. പേമാരി, ശക്തമായ കാറ്റ്, കാലം തെറ്റിയ മഴ, ഭൂഗർഭജലശോഷണം, കുന്നുകളും പാറകളും നഷ്ടപ്പെടുന്നത്, നദികളും തോടുകളും മലിനമാവുന്നത്... അങ്ങനെ, ഒട്ടേറെ പ്രശ്നങ്ങൾ നമുക്ക് മുന്നിലുണ്ട്. 'പരിസ്ഥിതിസൗഹൃദ വികസനം' എന്ന കാഴ്ചപ്പാടിന് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ട കാലത്താണ് നമ്മൾ ജീവിക്കുന്നത്.

സീഡിന്റെ വെബ്സൈറ്റ് കൂടുതൽ സൗകര്യങ്ങളോടെ പുതുക്കിയിട്ടുണ്ട്. മുൻപ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്കൂളുകൾ വെബ്സൈറ്റ് പേജിലെത്തി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണം. ഈ വർഷംമുതലുള്ള സീഡ് പ്രവർത്തനങ്ങൾ അതത് സമയത്ത് വെബ്സൈറ്റിലെ സ്കൂൾപേജിൽ അപ്ലോഡ് ചെയ്യണം. പുതുതായി ചേരുന്ന സ്കൂളുകൾക്കും വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം.

2026 ജൂൺ അഞ്ചുമുതൽ ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങളാണ് ഈ വർഷത്തെ അവാർഡ് നിർണയത്തിനായി പരിഗണിക്കുക. പ്രവർത്തന റിപ്പോർട്ടുകൾ 2027 ജനുവരി 30-നകം മാതൃഭൂമി ജില്ലാ ഓഫീസിൽ എത്തിക്കണം. റിപ്പോർട്ടുകളും സീഡ് വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളും പരിശോധിച്ചായിരിക്കും മികച്ച പ്രവർത്തനം നടത്തിയ സ്കൂളുകളെ തിരഞ്ഞെടുക്കുക. ഈ സ്കൂളുകളിൽ ജൂറി സന്ദർശനം നടത്തി ജില്ലാതല വിജയികളെ നിശ്ചയിക്കും. തുടർന്ന് നടക്കുന്ന സംസ്ഥാനതല വിലയിരുത്തലിൽ മുന്നിലെത്തുന്ന സ്കൂളുകൾ പ്രത്യേക ജൂറി സന്ദർശിക്കും. അതിനുശേഷമായിരിക്കും സംസ്ഥാനതല വിജയികളെ പ്രഖ്യാപിക്കുക.

ജൂൺമുതൽ ഡിസംബർവരെയുള്ള പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുന്നതെങ്കിലും സീഡ് പ്രവർത്തനങ്ങൾ മുടക്കമില്ലാതെ എപ്പോഴും തുടരേണ്ടതാണെന്ന കാര്യം പ്രത്യേകം ഓർമ്മിക്കണം. പരിസ്ഥിതിസൗഹൃദ മനോഭാവമുള്ള ഒരു തലമുറ ഉണ്ടാവുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമികലക്ഷ്യം. 'സാമൂഹികനന്മ കുട്ടികളിലൂടെ' എന്ന വലിയ ലക്ഷ്യവും നമുക്ക് യാഥാർഥ്യമാക്കാം.

2026 ജൂൺ 8
സമുദ്രദിനത്തിൽ

# STITCHING THE LAND AND SEA QUIZ COMPETITION

**മത്സരത്തിൽ ലഭിക്കുന്ന സ്കോർ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഓൺലൈനായി ഡൗൺലോഡ് ചെയ്യാം.**

## Gateway to Think Tank

### കാക്കണം കരയും കടലും

കരയും കടലും എന്ന് വേർതിരിച്ചുകാണാതെ, ഭൂമി ഒറ്റ ജീവവ്യവസ്ഥയാണെന്ന തിരിച്ചറിവ് വിദ്യാർഥികളിൽ ഉണ്ടാക്കാൻ ഉപകരിക്കുന്ന ഒരു മത്സരമാണിത്. ഭൂമിയിൽ ഉത്പാദിപ്പിക്കുന്ന ഓക്സിജന്റെ 50 ശതമാനംമുതൽ 80 ശതമാനംവരെ ലഭിക്കുന്നത് സമുദ്രങ്ങളിൽനിന്നാണ്. കരയിലെ മുഴുവൻ മരങ്ങളും ചെടികളും ചേർന്ന് ഉത്പാദിപ്പിക്കുന്നതിനെക്കാൾ എത്രയോ കൂടുതലാണിത്. കരയിൽ മരങ്ങളും ചെടികളും ചെയ്യുന്ന ജോലി കടലിൽ ചെയ്യുന്നത് ഒഴുകിനടക്കുന്ന സൂക്ഷ്മസസ്യങ്ങളായ ഫൈറ്റോപ്ലാങ്ക്ടൺ (Phytoplankton), സയനോബാക്ടീരിയകളായ പ്രോക്ലോറോകോക്കസ് (Prochlorococcus) എന്നിവയാണ്. ആഴം കുറഞ്ഞ ഭാഗങ്ങളിൽ വളരുന്ന കടൽപ്പായലുകളും ഗണ്യമായ അളവിൽ ഓക്സിജൻ ഉത്പാദിപ്പിക്കുന്നുണ്ട്. ഈ സൂക്ഷ്മസസ്യങ്ങൾക്ക് ജീവിക്കാൻ അനുകൂലമായ താപനിലയും സാഹചര്യവും കടലിലുണ്ട്. എന്നാൽ, ആഗോളതാപനംമൂലം കടലിലെ ചൂട് കൂടുന്നത് ഈ സസ്യങ്ങളുടെ നാശത്തിന് കാരണമാകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളും ഫാക്ടറികളിൽനിന്നുള്ള രാസവസ്തുക്കളും സമുദ്രത്തിന്റെ സ്വാഭാവികഘടനയിൽ മാറ്റംവരുത്തുന്നു. ഫൈറ്റോപ്ലാങ്ക്ടണുകൾ നശിച്ചാൽ, ഭൂമിയിലെ ഓക്സിജന്റെ അളവ് ക്രമാതീതമായി കുറയും. ലോകപ്രശസ്ത പരിസ്ഥിതിസ്നേഹിയായ ഡേവിഡ് ആറ്റൻബറോ പറഞ്ഞതുപോലെ, 'നമ്മൾ കടലിനെ സംരക്ഷിച്ചാൽ, ലോകത്തെത്തന്നെ രക്ഷിക്കാനാവും.' കടൽ മലിനമാവുന്നത് നമ്മളറിയുന്നില്ല എന്നതാണ് ഇതിലെ ഏറ്റവും വലിയ അപകടം. എങ്ങനെയൊക്കെയാണ് മനുഷ്യർ കടലിനെ മലിനമാക്കുന്നതെന്നും അത് കടലിലെയും കരയിലെയും ജീവന് എത്രത്തോളം ഭീഷണിയുണ്ടാക്കുന്നുണ്ടെന്നും നമ്മൾ മനസ്സിലാക്കണം. ഇതിന് സഹായിക്കുന്ന ഒരു ഓൺലൈൻ ക്വിസ് മത്സരം ജൂൺ എട്ടിന് ലോക സമുദ്രദിനത്തോടനുബന്ധിച്ച് നടത്തുന്നു. ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗം വിദ്യാർഥികൾക്കും യു.പി. വിഭാഗം വിദ്യാർഥികൾക്കും പങ്കെടുക്കാം.

Cover Drawing & Design: Govind K
Making Video >

INNOVATIVE PROJECT

# കുളവാഴകൊണ്ട് ജലശുദ്ധീകരണം

**കാലങ്ങളായി നിലനിൽക്കുന്ന ഒരു പരിസ്ഥിതി പ്രശ്നത്തെ അഭിമുഖീകരിക്കാനുള്ള മാതൃകാപ്രവർത്തനം**



### കുളവാഴ ഇതുവരെ

**അധിനിവേശസസ്യം**
**ജലത്തെ ശ്വാസംമുട്ടിക്കും**
**ജലജീവിനാശം**
**സാമ്പത്തികനഷ്ടം**

### കുളവാഴ ഇനിമുതൽ

**സഹായ സസ്യം**
**ജലശുദ്ധീകരണം**
**വളം നിർമാണം**
**സാമ്പത്തിക നേട്ടം**

അപകടകാരിയായ ഒരു അധിനിവേശ സസ്യമാണ് കുളവാഴ (Water hyacinth) ജലാശയങ്ങളുടെ മുകൾപ്പരപ്പിൽ പടർന്നുവളരുന്ന കുളവാഴ ജലത്തിലേക്ക് സ്വാഭാവിക സൂര്യപ്രകാശം കടക്കുന്നത് തടയുന്നു. അത് ജല മലിനീകരണത്തിനും ജലജീവികളുടെ നാശത്തിനും ഇടയാക്കുന്നു. ജലഗതാഗതത്തിനും തടസ്സമാകുന്നുണ്ട് ഈ കളസസ്യം. എന്നാൽ കുളവാഴകളെ ജലശുദ്ധീകരണത്തിനും മറ്റനേകം കാര്യങ്ങൾക്കും ഉപയോഗപ്പെടുത്താമെന്ന് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. ശാസ്ത്രീയമായി ശേഖരിച്ച് ഉപയോഗിക്കുക (Collect and Utilize) എന്ന രീതി പിന്തുടർന്നാൽ, കുളവാഴകൾ വെറും കളയല്ല. കൃത്യമായി ഉപയോഗപ്പെടുത്തിയാൽ പ്രകൃതിക്ക് ഗുണകരമാകുന്ന ഒരു 'ജൈവ ശുദ്ധീകരണ ഉപാധി' ആയി ഇതിനെ മാറ്റാൻ സാധിക്കും. പരിസ്ഥിതി സംരക്ഷണവും ഒപ്പം വരുമാനമാർഗവും കണ്ടെത്താൻ സാധിക്കും.

ജലാശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടായതിനാൽ അധ്യാപകരുടെയോ, രക്ഷിതാക്കളുടെയോ മേൽനോട്ടത്തിൽ മാത്രമേ വിദ്യാർഥികൾ പ്രവർത്തിക്കാവൂ.

## കുളവാഴ എങ്ങനെ ജലശുദ്ധീകരണ സഹായിയാകുന്നു?

മലിനമായ ജലത്തിൽനിന്നും മണ്ണിൽനിന്നും വിഷാംശങ്ങളെയും ലോഹങ്ങളെയും സസ്യങ്ങളുടെ സഹായത്തോടെ നീക്കംചെയ്യുന്ന സാങ്കേതികവിദ്യയാണ് ഫൈറ്റോറെമഡിയേഷൻ. കുളവാഴയുടെ വേരുകൾക്ക് ജലത്തിലെ അമിതമായ പോഷകങ്ങളെയും വിഷാംശങ്ങളെയും വലിച്ചെടുക്കാനുള്ള പ്രത്യേക ശേഷിയുണ്ട്.

**പോഷകങ്ങളുടെ ആഗിരണം:** വെള്ളത്തിൽ അമിതമായി അടങ്ങിയിരിക്കുന്ന നൈട്രജൻ, ഫോസ്ഫറസ് എന്നിവയെ കുളവാഴ വേഗത്തിൽ ആഗിരണം ചെയ്യുന്നു. ഇത് പായലുകൾ വളർന്ന് വെള്ളം ചീത്തയാകുന്നത്(Eutrophication) തടയാൻ സഹായിക്കും.

**ഹെവി മെറ്റൽ റിമൂവൽ:** വ്യവസായശാലകളിൽനിന്നുംമറ്റും പുറന്തള്ളുന്ന മാരകമായ കാഡ്മിയം, ക്രോമിയം, നിക്കൽ, മെർക്കുറി തുടങ്ങിയ ലോഹങ്ങൾ സംഭരിച്ചുവയ്ക്കാൻ (Hyperaccumulation) കുളവാഴയ്ക്ക് സാധിക്കും.

**ഓക്സിജൻ പ്രവാഹം:** കുളവാഴയുടെ ഇലകളിൽനിന്നും തണ്ടുകളിൽനിന്നും ചെറിയ അളവിൽ ഓക്സിജൻ വേരുകളിലേക്ക് എത്തുകയും ഇത് വേരുകൾക്ക് ചുറ്റുമുള്ള ബാക്ടീരിയങ്ങളുടെ പ്രവർത്തനം വേഗത്തിലാക്കി മലിനവസ്തുക്കളെ വിഘടിപ്പിക്കുകയും ചെയ്യുന്നു.

## എങ്ങനെ നിലവിലുള്ള മലിനീകരണ വെല്ലുവിളികളെ അതിജീവിക്കാം?

കുളവാഴ സൂര്യപ്രകാശം തടയുന്നതും ജലത്തിലെ ഓക്സിജൻ കുറയ്ക്കുന്നതും വലിയ പ്രശ്നമാണ്. എന്നാൽ ഫൈറ്റോറെമഡിയേഷൻ പദ്ധതികളിൽ ഇത് ശാസ്ത്രീയമായി നിയന്ത്രിക്കാം.

**നിയന്ത്രിത വളർത്തൽ:** കുളം മുഴുവൻ കുളവാഴ നിറയാൻ അനുവദിക്കാതെ, നിശ്ചിത ഭാഗങ്ങളിൽ മാത്രമായി ഫ്ളോട്ടിങ് ബാരിയറുകൾ (Floating barriers) ഉപയോഗിച്ച് ഇവയെ ഒതുക്കി നിർത്താവുന്നതാണ്.

**കൃത്യമായ ശേഖരണം:** കുളവാഴകൾ മൂപ്പെത്തുന്നതിന് മുൻപുതന്നെ അവയെ വെള്ളത്തിൽനിന്ന് മാറ്റണം. ഇത് ആഗിരണം ചെയ്യപ്പെട്ട വിഷാംശങ്ങൾ തിരികെ വെള്ളത്തിലേക്ക് കലരുന്നത് ഒഴിവാക്കാൻ സഹായിക്കും.

**ഉപയോഗശൂന്യമായ ജലത്തിൽ വളരട്ടെ:** മലിനജലം ഒഴുകുന്ന തോടുകളിലും ഫാക്ടറി അവശിഷ്ടങ്ങൾ എത്തുന്നയിടങ്ങളിലും ഇവയെ ശുചീകരണത്തിനായി ഉപയോഗപ്പെടുത്താം.

## കുളവാഴയുടെ പുനരുപയോഗ സാധ്യതകൾ

ജലോപരിതലത്തിൽ നീക്കം ചെയ്തശേഷം അവയെ വെറുതേ കളയാതെ വിവിധ രീതികളിൽ പ്രയോജനപ്പെടുത്താം.

**ജൈവവളം:** കമ്പോസ്റ്റ് നിർമാണത്തിന് ഏറ്റവും അനുയോജ്യമാണ് കുളവാഴ. ഇതിൽ പൊട്ടാസ്യം ധാരാളമായി അടങ്ങിയിരിക്കുന്നു.

**ബയോഗ്യാസ്:** കുളവാഴയുടെ തണ്ടുകൾ പുളിപ്പിച്ച് മീഥെയ്ൻ വാതകം നിർമിക്കാം.

**കരകൗശല ഉത്പന്നങ്ങൾ:** ഉണങ്ങിയ കുളവാഴ നാരുകൾ ഉപയോഗിച്ച് പായകൾ, ബാഗുകൾ, തൊപ്പികൾ എന്നിവ നിർമിക്കുന്നത് മികച്ച ചെറുകിട വ്യവസായമാണ്.

**പേപ്പർ നിർമാണം:** കുളവാഴയിലെ സെല്ലുലോസ് ഉപയോഗിച്ച് ഗുണനിലവാരമുള്ള പേപ്പർ നിർമിക്കാൻ സാധിക്കും.

**മറ്റ് ഉപയോഗങ്ങൾ:** കുളവാഴയുടെ തണ്ടും ഇലകളും അരിഞ്ഞു പുഴുങ്ങി ഉണക്കിയെടുത്ത് കൂൺകൃഷിയിലെ ബെഡ് നിർമാണത്തിന് ഉപയോഗിക്കാം. ചാണകത്തിനൊപ്പം, ഉണക്കിപ്പൊടിച്ച കുളവാഴ ചേർത്ത് ചാണക വറളി ഉണ്ടാക്കാം.

### For more details about Mathrubhumi SEED

Address:
SEED Project
C/o Mathrubhumi
K.P. Kesavamenon Road
Kozhikode -673001
Website: www.mbiseed.com
E-mail: mbiseed@gmail.com

THIRUVANANTHAPURAM: Mr. R. Murali (Senior Regional Manager) 0471 2461071
KOLLAM: Mr. G.B. Ganesh (Unit Manager) 0474 2790761
PATHANAMTHITTA: Mr. G. Rajesh Kumar (Chief Correspondent ) 0468 2228678
KOTTAYAM: Mr. T. Suresh (Regional Manager) 0481 2568055
ALAPPUZHA: Mr. Manish Kumar (Regional Manager) 0477 2230864
IDUKKI: Mr. George Thomas ( Senior Correspondent ) 0486 2227465
ERNAKULAM: Mrs. Aishwarya Das (Unit Manager) 0484 2531708
THRISSUR: Mr. Vinod P. Narayan (Regional Manager) 0487 2423284
PALAKKAD: Mr. R.P.Mohandas (Unit Manager) 0491 2521900
MALAPPURAM: Mrs. Sushma U S (Unit Manager) 0483 2745800
KOZHIKODE: Mr. C. Manikandan (Asst. General Manager) 0495 2444210
WAYANAD: Miss. Neenu P (Senior Correspondent) 0493 6202378
KANNUR: Mr. Jagadish G. (Regional Manager) 0497 2825100
KASARAGOD: Mr. V.U. Mathukutty( Special Correspondent) 04994 230298.

സീഡ് പദ്ധതി സംബന്ധിച്ച എല്ലാ തർക്കങ്ങളും കോഴിക്കോട് കോടതിയുടെ പരിധിയിൽ മാത്രമായിരിക്കും പരിഗണിക്കുക.



## കൃഷിയിലൂടെ സുരക്ഷിത ഭക്ഷണസംസ്കാരവും ആരോഗ്യവും

വിദ്യാർഥികളെ പ്രകൃതിയോടും മണ്ണിനോടും അടുപ്പിക്കുന്നതിനുള്ള ഏറ്റവും മികച്ച മാർഗമാണ് കൃഷി. 'ചിന്തിക്കുക-ഭക്ഷിക്കുക-സംരക്ഷിക്കുക' (Think-Eat-Save) എന്ന ആശയത്തിലൂന്നി ഓരോ വിദ്യാലയവും ഈ പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യണം. വിദ്യാലയങ്ങളിൽ ലഭ്യമായ സ്ഥലത്ത് ജൈവരീതിയിൽ പച്ചക്കറികൾ, പഴങ്ങൾ, നെല്ല് എന്നിവ കൃഷിചെയ്യുന്നതിലൂടെ വിദ്യാർഥികളെ ഭക്ഷണത്തിന്റെ മൂല്യവും അത് ഉത്പാദിപ്പിക്കാൻവേണ്ട അധ്വാനവും ബോധ്യപ്പെടുത്താൻ സാധിക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം. മികച്ച വിത്തുകൾ കൃഷിക്കായി ഉപയോഗപ്പെടുത്തണം. സ്കൂളുകളിൽ വിളവെടുപ്പ് ഉത്സവങ്ങൾ സംഘടിപ്പിക്കുന്നത് വിദ്യാർഥികളിൽ വലിയ ആവേശം സൃഷ്ടിക്കും. ഇതിനുപുറമേ, നാട്ടുവൈദ്യത്തിൽ ഉപയോഗിക്കുന്ന സസ്യങ്ങളെ പരിചയപ്പെടുത്തുന്നതിനായി സ്കൂൾ അങ്കണത്തിൽ ഔഷധസസ്യത്തോട്ടങ്ങളും (Medicinal Gardens) നിർമിക്കണം. കാർഷികപ്രവർത്തനങ്ങൾ കുട്ടികളിൽ ഉത്തരവാദിത്വബോധം വളർത്തുന്നതിനൊപ്പം, രാസവിമുക്തമായ ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധമുള്ളവരാക്കുകയും ചെയ്യും. നല്ല ഭക്ഷണം, നല്ല ആരോഗ്യവും നല്ല ജീവിതവും നൽകും എന്ന വലിയ പാഠത്തിനാണ് പ്രാധാന്യം നൽകേണ്ടത്.



## ഊർജസംരക്ഷണവും പ്രായോഗിക മാറ്റങ്ങളും

വർധിച്ചുവരുന്ന ഊർജപ്രതിസന്ധിയെ മറികടക്കാൻ ഊർജ ഉപയോഗത്തിൽ പ്രായോഗികശീലങ്ങൾ കൊണ്ടുവരണം. ഉപയോഗം കുറയ്ക്കുന്നതിനും സമാന്തര ഊർജസ്രോതസ്സുകളെക്കുറിച്ച് ബോധവത്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്. ദിവസത്തിൽ ഓരോ സമയത്തെയും ഊർജോപയോഗം എങ്ങനെവേണമെന്ന അവബോധമുണ്ടാക്കണം. പീക്ക് അവറുകളിലെ ഉപയോഗവും അല്ലാത്ത സമയങ്ങളിലെ ഉപയോഗവും ശരിയായി മനസ്സിലാക്കണം. കേരളത്തിൽ ചൂടുകാലത്ത് ഉണ്ടാകുന്ന അധിക ഊർജോപയോഗത്തെക്കുറിച്ചും അതിലൂടെയുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കണം. സോളാർ എനർജിയുടെ ഗുണങ്ങളും പരിമിതിയും പഠിക്കണം. സ്റ്റാർ റെയ്റ്റിങ്ങുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലൂടെ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുമെന്ന് എനർജി ക്ലബ്ബുകൾ വഴി കുട്ടികളെ ബോധ്യപ്പെടുത്തണം.

## ശുചിത്വവും ശാസ്ത്രീയ മാലിന്യ സംസ്കരണവും

മാലിന്യമുക്ത പരിസരം എന്ന ലക്ഷ്യത്തോടെ, ശാസ്ത്രീയമായ മാലിന്യസംസ്കരണരീതികൾ വിദ്യാർഥികളെ പരിശീലിപ്പിക്കുകയെന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. വൃത്തിയുള്ള ടോയ്‌ലറ്റുകൾ ഓരോരുത്തരുടെയും അവകാശമായി സംരക്ഷിക്കാൻ കുട്ടികളെ പരിശീലിപ്പിക്കണം. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി കമ്പോസ്റ്റ് സംവിധാനങ്ങളോ ബയോഗ്യാസ് പ്ലാന്റുകളോ സ്ഥാപിക്കാം. കരിയിലകളും ഭക്ഷണാവശിഷ്ടങ്ങളും സംസ്കരിച്ച് ലഭിക്കുന്ന വളം, സ്കൂളിലെ കൃഷിക്കായി ഉപയോഗിക്കുന്നത് സർക്കുലർ ഇക്കോണമിയുടെ മികച്ച പാഠമായിമാറും. പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുക, പുനരുപയോഗിക്കുക, റീസൈക്കിൾ ചെയ്യുക (Reduce, Reuse, Recycle) എന്നിവ ഒരു നല്ല ജീവിതരീതിയെന്നനിലയിൽ ശീലിക്കാൻ പഠിപ്പിക്കണം. മാലിന്യസംസ്കരണരംഗത്തെ പുതിയ സാങ്കേതികവിദ്യകൾ വിദ്യാർഥികളെ പരിചയപ്പെടുത്തുകയും ശീലിപ്പിക്കുകയും വേണം.




## ജലസംരക്ഷണവും തണ്ണീർത്തട പരിപാലനവും ഭൂഗർഭജല സുരക്ഷയും

ജലസ്രോതസ്സുകളുടെ സംരക്ഷണവും ജലചൂഷണം തടയലും കാലാവസ്ഥാവ്യതിയാനത്തിന് എതിരേയുള്ള പോരാട്ടത്തിൽ പ്രധാനമാണ്. വിദ്യാലയത്തിലും പരിസരങ്ങളിലും ജലം പാഴാകുന്നില്ലെന്ന് ഉറപ്പുവരുത്താൻ 'വാട്ടർ വാച്ച്' പ്രോഗ്രാമുകൾ സംഘടിപ്പിക്കണം. മഴവെള്ളസംഭരണികൾ തയ്യാറാക്കുക. സുരക്ഷിതമായ സ്ഥലങ്ങളിൽ മഴക്കുഴികൾ നിർമിച്ച് ഭൂഗർഭ ജലവിതാനം ഉയർത്താനുള്ള പ്രവർത്തനങ്ങൾ നടത്തണം. ലോക തണ്ണീർത്തട ദിനത്തോടനുബന്ധിച്ച് പ്രാദേശിക ജലാശയങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും ശുചീകരണം നടത്താം. വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം നൽകുന്ന പദ്ധതികളും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താം.

## പഠിക്കണം പാമ്പുകളെക്കുറിച്ച്

കേരളത്തിൽ കാണപ്പെടുന്ന പാമ്പുകളെക്കുറിച്ച് ശരിയായ വിവരങ്ങൾ മനസ്സിലാക്കണം. വിഷമുള്ള പാമ്പുകളുടെ ചിത്രങ്ങൾ കണ്ട് മനസ്സിലാക്കുകയും പാമ്പുകളെ നേരിട്ടുകാണാനിടയായാൽ സുരക്ഷിതമായ അകലം പാലിക്കുകയും വേണം. പാമ്പുകടിയേറ്റാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷ എന്തെന്നും അറിഞ്ഞിരിക്കണം.





## ജൈവവൈവിധ്യ സംരക്ഷണവും സഹജീവിസുരക്ഷയും

കാലാവസ്ഥാവ്യതിയാനം സസ്യജാലങ്ങളിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ ശാസ്ത്രീയമായി നിരീക്ഷിക്കുകയും അവ രേഖപ്പെടുത്തുകയും ചെയ്യാം. സ്കൂൾവളപ്പിലെ മരങ്ങൾക്ക് പ്രകൃതിശാസ്ത്രജ്ഞരുടെ പേരുകൾ നൽകി സംരക്ഷിക്കാം. അതോടനുബന്ധിച്ച് മരച്ചുവട്ടിൽ ചർച്ചകളും ആഘോഷങ്ങളും സംഘടിപ്പിക്കാം. വിദ്യാലയങ്ങളിൽ നക്ഷത്രവനങ്ങൾ അല്ലെങ്കിൽ അതിസാന്ദ്രതാ മിയാവാക്കി വനങ്ങൾ (Miyawaki forests) വെച്ചുപിടിപ്പിക്കുകയും അവയുടെ വളർച്ചനിരക്ക് നിരീക്ഷിക്കുകയും ചെയ്യണം. പ്രാദേശിക കാവുകളുടെ ചരിത്രവും പ്രാധാന്യവും വ്യക്തമാക്കുന്ന ഡോക്യുമെന്ററികൾ നിർമിക്കുന്നതും ജൈവവൈവിധ്യസംരക്ഷണത്തിന്റെ ഭാഗമാണ്. സ്കൂളിലെയും വിദ്യാർഥികളുടെ വീടുകളിലെയും ജൈവവൈവിധ്യ രജിസ്റ്ററുകൾ ഉണ്ടാക്കി സൂക്ഷിക്കണം. പഴക്കമുള്ള മരങ്ങൾ കണ്ടെത്തി അവയുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയും അത്തരം മരങ്ങളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുകയും ചെയ്യാം.

## സീഡ് പദ്ധതിയുടെ ഭാഗമായി എല്ലാ വർഷവും തുടരുന്ന പ്രവർത്തനങ്ങളിൽ വൈവിധ്യം കൊണ്ടുവരാൻ ശ്രമിക്കണം

### സീസൺവാച്ച്

മരങ്ങളിലെ ഇലകൾ, പൂക്കൾ, കായ്കൾ എന്നിവയുടെ മാറ്റങ്ങൾ നിരീക്ഷിച്ച് കാലാവസ്ഥാ വ്യതിയാനം പ്രകൃതിയിൽ ഉണ്ടാക്കുന്ന സ്വാധീനം പഠിക്കുന്നതിന് രാജ്യവ്യാപകമായി നടപ്പിലാക്കുന്ന സിറ്റിസൺ സയൻസ് പദ്ധതിയാണിത്. കേരളത്തിൽ മാതൃഭൂമി സീഡ് ഈ പദ്ധതിയെ സ്കൂളുകളുമായി ബന്ധിപ്പിക്കുന്നു. കുട്ടികൾ ശേഖരിക്കുന്ന വിവരങ്ങൾ സീസൺവാച്ച് വെബ്സൈറ്റിലോ മൊബൈൽ ആപ്പിലോ രേഖപ്പെടുത്താം. മൊബൈൽ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്ന് സൗജന്യമായി ലഭിക്കും. കൂടുതൽ വിവരങ്ങളോ നിർദേശങ്ങളോ ആവശ്യമാണെങ്കിൽ സീസൺ വാച്ചിന്റെ കേരളത്തിലെ പ്രോജക്ട് മാനേജരായ മുഹമ്മദ് നിസാറിനെ 9446447666 എന്ന നമ്പറിൽ ബന്ധപ്പെടാം. സീസൺ വാച്ച് പ്രവർത്തനങ്ങൾക്ക് പ്രത്യേക സമ്മാനം ഉണ്ട്. Website: www.seasonwatch.in

### തനിച്ചല്ല

കുട്ടികളുടെ സുരക്ഷയും അവകാശങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2024 മുതൽ മാതൃഭൂമി സീഡിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. കുട്ടികൾക്കെതിരേയുള്ള അതിക്രമങ്ങളും ലൈംഗിക ചൂഷണങ്ങളും തടയുന്നതിന് അവരെ പ്രാപ്തരാക്കുക, ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽനിന്ന് കുട്ടികളെ അകറ്റിനിർത്തുക,

പ്രതിസന്ധിഘട്ടങ്ങളെ നേരിടാൻ ആവശ്യമായ അറിവും ധൈര്യവും പകർന്നു നൽകുക എന്നിവയാണ് ലക്ഷ്യങ്ങൾ. ആവശ്യമെങ്കിൽ കുട്ടികൾക്കോ രക്ഷിതാക്കൾക്കോ അധ്യാപകർക്കോ തനിച്ചല്ല, മാതൃഭൂമി സീഡ്, കെ.പി. കേശവമേനോൻ റോഡ്, കോഴിക്കോട്-1 എന്ന വിലാസത്തിലോ thanichalla@mpp.co.in എന്ന ഇ-മെയിൽ വിലാസത്തിലോ വിവരങ്ങൾ അറിയിക്കാം. 7034876000 എന്ന നമ്പറിലേക്ക് വാട്സാപ്പ് ചെയ്യുകയുമാവാം.

### സീഡ് പോലീസ്

സീഡ് വൊളന്റിയർമാരിൽ നേതൃത്വപാടവമുള്ള കുട്ടികളെയാണ് സീഡ്പോലീസായി നിയോഗിക്കേണ്ടത്. കൈപ്പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ പരിപാടികളും കൃത്യമായി നടപ്പിലാക്കുന്നതിൽ ഇവർ ശ്രദ്ധിക്കണം.

### ലവ് പ്ലാസ്റ്റിക്

ലോകം നേരിടുന്ന ഏറ്റവും വലിയ വിപത്തുകളിലൊന്നാണ് പ്ലാസ്റ്റിക് മാലിന്യം. ഇത് കുറയ്ക്കുന്നതിനായി മാതൃഭൂമി നടപ്പിലാക്കുന്ന പദ്ധതിയാണ് ലവ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുയും പുനരുപയോഗം കാര്യക്ഷമമാക്കുകയും ഉപയോഗശേഷം പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്ലാസ്റ്റിക് മാലിന്യം ശരിയായ രീതിയിൽ തരംതിരിക്കുന്നതിനും അതിന് സാധാരണക്കാരായ ആളുകളെ ബോധവത്കരിക്കുന്നതിനും വിദ്യാർഥികളെ പ്രാപ്തരാക്കി എന്നതാണ് ഈ പദ്ധതിയിലൂടെ കൈവന്ന ഏറ്റവും വലിയ മാറ്റം. പൊതുസ്ഥലങ്ങളിലോ വീട്ടിലോ പ്ലാസ്റ്റിക് അലക്ഷ്യമായി ഉപേക്ഷിക്കരുതെന്നും കത്തിക്കരുതെന്നുമുള്ള അവബോധം വലിയൊരു വിഭാഗം ജനങ്ങളിലേക്ക് എത്തിക്കാൻ സീഡ് പ്രവർത്തകർക്ക് കഴിഞ്ഞു. ഇതിനായുള്ള പ്രവർത്തനങ്ങൾ ശക്തമായി തുടരണം.

## എന്റെ നാടിന്റെ പൈതൃകം

നമ്മുടെ നാട്ടിലുള്ള ഒരുപാട് കാര്യങ്ങൾ മറ്റ് നാടുകളിലുള്ളവരെ അതിശയിപ്പിക്കുന്നതായിരിക്കാം. അത്തരം പൈതൃക കാഴ്ചകൾ അതിന്റെ പ്രാധാന്യം വ്യക്തമാവുന്ന വിധത്തിൽ മറ്റുള്ളവർക്ക് ഉപകാരപ്പെടുന്നവിധത്തിൽ രേഖപ്പെടുത്തി വയ്ക്കുകയാണ് ഈ പദ്ധതിയുടെ ആദ്യപടി. അത്തരം വിവരങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കുകയും അവ വന്നുകാണുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും വേണം. എല്ലാവർക്കും എളുപ്പത്തിൽ വന്ന് സന്ദർശിക്കാവുന്ന പൊതുകാഴ്ചകൾക്ക് പ്രാധാന്യം നൽകണം. സ്വകാര്യ ഉടമസ്ഥതയിലുള്ളതോ, എല്ലാ സന്ദർശകർക്കും പ്രവേശിക്കാൻ കഴിയാത്തതോ ആയ പൈതൃക കാഴ്ചകൾ ഒഴിവാക്കുന്നതാണ് നല്ലത്. ഓരോ സ്കൂളിലും സ്വന്തം നാടിന്റെ പൈതൃകം രേഖപ്പെടുത്തി സൂക്ഷിക്കുന്നത് ഏറെ ഗുണകരമായിരിക്കും.

## ഗ്രീൻ സ്കോളർ പരീക്ഷ - 2026

കേരളത്തിൽ പഠിക്കുന്ന എല്ലാ വിദ്യാർഥികൾക്കും സീഡ് ഗ്രീൻ സ്കോളർപരീക്ഷ 2026 എഴുതാം. എൽ.പി., യു.പി., ഹൈസ്കൂൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് പരീക്ഷ നടത്തുക. പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രമേ പരീക്ഷയിൽ ചോദിക്കൂ. രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും ഓൺലൈനായി പരീക്ഷയിൽ പങ്കെടുക്കാം. കഴിഞ്ഞവർഷം പരീക്ഷയെഴുതിയവർക്കും ഈ വർഷത്തെ പരീക്ഷയിൽ പങ്കെടുക്കാം. പരീക്ഷ പാസാവുന്ന കുട്ടികൾക്ക് പ്രകടനത്തിനനുസരിച്ചുള്ള ഗ്രേഡ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകും. പരീക്ഷയുടെ തീയതിയും വിശദവിവരങ്ങളും പിന്നീട് അറിയിക്കും.

## സീഡ് റിപ്പോർട്ടർ

നല്ല ഭാഷാസ്വാധീനവും കാര്യങ്ങൾ വിശകലനം ചെയ്യാനുള്ള കഴിവും ഉള്ള വിദ്യാർഥികൾക്ക് സീഡ് റിപ്പോർട്ടറായി തിളങ്ങാൻ കഴിയും. കഴിവ് തെളിയിക്കുന്നവർക്ക് മാതൃഭൂമി പത്രത്തിലും ചാനലിലുമടക്കം അവരുടെ സാന്നിധ്യമറിയിക്കാൻ അവസരം ലഭിക്കും.

## നാട്ടുമാഞ്ചോട്ടിൽ

കേരളത്തിൽ ധാരാളമായുണ്ടായിരുന്ന പല നാട്ടുമാവുകളും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. നാട്ടുമാവുകളെ സംരക്ഷിച്ച് നിലനിർത്താനും അവയെ കൂടുതൽ പ്രദേശങ്ങളിലേക്ക് എത്തിക്കാനും ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതിയാണ് നാട്ടുമാഞ്ചോട്ടിൽ. അപൂർവമായ പല മാവിനങ്ങളുടെയും വിത്തുകൾ മുളപ്പിച്ച് പല ഭാഗങ്ങളിലായി നട്ടുവളർത്തി സംരക്ഷിക്കുന്ന പ്രവൃത്തികൾ സീഡ് വിദ്യാർഥികൾ ആവേശത്തോടെയാണ് ഏറ്റെടുത്തത്. പദ്ധതിയുടെ ഭാഗമായി നട്ട പല മാവുകളും പൂവിട്ട് കായ്ച്ചപ്പോൾ ഈ പദ്ധതിയുടെ വിജയം ഫലപ്രാപ്തിയിലെത്തി. പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുമായി ഇനിയും ഒരുപാട് മുന്നോട്ടുപോകാനുണ്ട്. നാട്ടിൻപുറമെന്നോ, നഗരമെന്നോ, മലനാടെന്നോ, ഇടനാടെന്നോ, തീരപ്രദേശമെന്നോ വ്യത്യാസമില്ലാതെ കേരളത്തിൽ എല്ലാ വിദ്യാലയത്തിലും നടപ്പിലാക്കാവുന്ന ജനകീയപദ്ധതി എന്ന പ്രത്യേകതയും ഇതിനുണ്ട്. തുടർപ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുകയും പുതുമയുള്ള ആശയങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നതിന് എല്ലാ വിദ്യാലയങ്ങളും ശ്രമിക്കണം. മറ്റ് സ്കൂളുകളുമായി ചേർന്നുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

**കഴിയുന്നത്ര തുടർപ്രവർത്തനങ്ങൾ നടത്താനും അവയുടെ വിവരങ്ങൾ സ്കൂളിൽ കൃത്യമായി സൂക്ഷിക്കാനും പ്രത്യേകം ശ്രദ്ധിക്കണം**

## കടലാമയ്ക്കൊരു കൈത്തൊട്ടിൽ

വിദൂരദേശങ്ങളിൽനിന്നുപോലും കടലാമകൾ കേരളതീരത്തെത്തി മുട്ടയിട്ട് മടങ്ങുന്നുണ്ട്. പലവിധത്തിലുള്ള പ്രതികൂല സാഹചര്യങ്ങൾമൂലം, ആമമുട്ടകൾ വിരിഞ്ഞ് കുഞ്ഞുങ്ങൾ കടലിലേക്ക് പോകുന്നത് കുറഞ്ഞുവരുന്നു. ഈ പ്രശ്നത്തിന് പരിഹാരമായി കടലാമ മുട്ടകൾ സംരക്ഷിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണിത്. കടലാമകൾ മുട്ടയിടാനെത്തുന്ന തീരങ്ങളിലെല്ലാം നമ്മുടെ ശ്രദ്ധയും കരുതലും അനിവാര്യമാണ്.

## കൂടെയുണ്ട്

ഒറ്റയ്ക്ക് താമസിക്കുന്ന വയോധികരായ ആളുകളുമായി ഇടപഴകുന്നതിനുള്ള പദ്ധതിയാണിത്. പലതരത്തിലുള്ള ജീവിതാനുഭവങ്ങളുള്ള അവരിൽനിന്ന് പലതും നമുക്ക് പഠിക്കാനുണ്ട്. വിദ്യാർഥികളുടെയും അധ്യാപകരുടെയും സന്ദർശനം വയോജനങ്ങൾക്കും സന്തോഷം നൽകുമെന്ന് ഉറപ്പാണ്. അങ്ങനെ പരസ്പര ബഹുമാനത്തിന്റെയും സ്നേഹത്തിന്റയും ഈ വഴി പുതിയ കാഴ്ചപ്പാടുകൾ ഉണ്ടാവുന്നതിന് സഹായിക്കും.

## പഴയ കതിർ പുതിയ കൈകളിൽ

നഷ്ടപ്പെട്ടുപോകുന്ന നമ്മുടെ നാടൻ നെൽ വിത്തിനങ്ങൾ സ്കൂളുകളിൽ വളർത്തി സംരക്ഷിച്ച് നിലനിർത്താനുള്ള പദ്ധതിയാണിത്. പലതരം നെൽവിത്തുകളുടെ വൈവിധ്യവും ഗുണങ്ങളും തിരിച്ചറിയാനും കാർഷികസംസ്കാരം മനസ്സിലാക്കാനും ഇത് കുട്ടികൾക്ക് അവസരമൊരുക്കുന്നു. നാടൻ വിത്തിനങ്ങളുടെ കൃഷി എല്ലാ സ്കൂളുകളിലും തുടരണം.

## മഴയറിയാം

പലതരത്തിലുള്ള കാലാവസ്ഥാ ഭീഷണികളിലൂടെയാണ് നമ്മുടെ നാട് കടന്നുപോകുന്നത്. പെട്ടെന്നുള്ള പേമാരി, മണ്ണിടിച്ചിൽ, തുടർച്ചയായ ശക്തമായ മഴ അങ്ങനെ പലതും കേരളത്തെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. മഴയെക്കുറിച്ച് വിദ്യാർഥികൾക്കിടയിൽ ശാസ്ത്രീയ അവബോധം വളർത്തുന്നതിനുള്ള പദ്ധതിയാണിത്. ശാസ്ത്രീയമായ രീതിയിൽ മഴയുടെ അളവ് രേഖപ്പെടുത്തുന്നതാണ് ഇതിലെ പ്രധാന പ്രവർത്തനം. ഓരോ പ്രദേശത്തെയും മഴയുടെ തുടർച്ചയായുള്ള കണക്ക് ശേഖരിക്കുന്നത് പ്രാദേശികമായി കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് ഏറെ സഹായിക്കും. അതിലുപരി കാലാവസ്ഥാമാറ്റത്തെക്കുറിച്ച് ശരിയായരീതിയിൽ കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് വിദ്യാർഥികളിൽ വളർത്തിയെടുക്കാനും സഹായിക്കും. പലയിടങ്ങളിലുമുള്ള മഴയുടെ അളവുകൾ ക്രോഡീകരിക്കാനും താരതമ്യം ചെയ്യാനും കഴിയുന്ന വിധത്തിലേക്ക് വിപുലപ്പെടുത്താവുന്നതാണ് ഈ പദ്ധതി എന്ന് മറക്കരുത്. അതിനാൽ ഓരോ വർഷവും ശേഖരിക്കുന്ന മഴ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചുവയ്ക്കണം.

## സീഡിന് ലഭിച്ച പ്രധാന ബഹുമതികൾ

● Indywood എക്സലൻസ് അവാർഡ് 2026 ● ഫോറസ്റ്റ് ക്രിയേറ്റേഴ്സ് & GSDMA ബെസ്റ്റ് മീഡിയ എൻവയൺമെന്റ് എഫേർട്ട് 2022-23 ● ഏറ്റവും ഉത്തരവാദിത്വമുള്ള CSR എക്സിക്യൂട്ടീവ് നോളജ് ലൈൻസ് അവാർഡ് ● കേരള കൃഷിവകുപ്പിന്റെ പ്രത്യേക അവാർഡ് ● ഗ്രീൻ ആൻഡ് എൻവയൺമെന്റ് സ്റ്റെവാർഡ്ഷിപ്പ് (വെള്ളി) ● CSR Times അവാർഡ് 2020 ● ഒലീവ് ക്രൗൺ അവാർഡ് Gold 2017, 2019 (International Advertising Association) ● കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ് Gold 2017 (International Advertising Association ) ● NIPM Best Corporate Citizen Award 2016, 2019 ● വേൾഡ് യങ് റീഡർ പ്രൈസ് ഗോ ഗ്രീൻ ടോപ് അവാർഡ് 2014 (WAN-IFRA) ● കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ് Gold 2014 (International Advertising Association ) ● വേൾഡ് യങ് റീഡർ പ്രൈസ് 2011 & 2013 (WAN-IFRA) ● ഒലിവ് ക്രൗൺ ഹരിത പുരസ്കാരം 2012 ● വനമിത്ര പുരസ്കാരം 2011-2012, 2022-2023, 2023-2024, 2024-2025 (Government of Kerala) ● ഒലീവ് ക്രൗൺ അവാർഡ് -2024 (International Advertising Association ) ● KMA CSR Award-2024 (Environment category)

## പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടം

സ്വാദോടെ നമ്മൾ കഴിക്കുന്ന പല പഴങ്ങളും ഉണ്ടാകുന്നത് പൂമ്പാറ്റകൾ പരാഗണം നടത്തുന്നതിലൂടെയാണ്. പലനിറങ്ങളും പേരുകളും ഉള്ള പൂമ്പാറ്റകളെ അടുത്തറിയാനായി തീർച്ചയായും എല്ലാ വിദ്യാലയത്തിലും പൂമ്പാറ്റകൾക്കായി ഒരു പൂന്തോട്ടമൊരുക്കണം. പൂമ്പാറ്റകളെ നിരീക്ഷിക്കുന്നത് പ്രകൃതിയിലേക്കുള്ള ഏറ്റവും നല്ല വഴിയാണ്.

## സീഡ് പരിസ്ഥിതി ഡയറി

പരിസ്ഥിതിയുമായി ബന്ധപ്പെട്ട ആധികാരികമായ അറിവുകൾ തുടർച്ചയായി ലഭിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണിത്. എല്ലാവർഷവും ഈ പദ്ധതി തുടരണം. പത്രങ്ങളിൽ വരുന്ന പരിസ്ഥിതിവാർത്തകളുടെ സംഗ്രഹം ഒരു ഡയറിയിൽ എഴുതി സൂക്ഷിക്കുന്നതാണ് പ്രധാന പ്രവർത്തനം. പരിസ്ഥിതി വാർത്തകൾ താരതമ്യം ചെയ്യുകയോ, അതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുകയോ ഒക്കെ അനുബന്ധമായി ചെയ്യാം. എല്ലാ വർഷത്തെയും പരിസ്ഥിതി ഡയറികൾ ഒരുമിച്ച് സൂക്ഷിക്കാം. സ്കൂൾ തലത്തിലെ ഏറ്റവും മികച്ച പരിസ്ഥിതി ഡയറികൾ തിരഞ്ഞെടുത്ത് സ്കൂൾ ലൈബ്രറിയിൽ സൂക്ഷിക്കാം.

## വാഴയ്ക്കൊരു കൂട്ട്

വേഗത്തിൽ വളരുകയും നമുക്ക് മികച്ച ഭക്ഷണം നൽകുകയും ചെയ്യുന്ന സസ്യമാണ് വാഴ. നമ്മുടെ നാട്ടിൽ നിരവധി ഇനം വാഴകളുണ്ട്. എന്നാൽ അവയിൽ പലതും ഇന്ന് അന്യംനിന്നുപോയി. നിലവിവുള്ള വാഴയിനങ്ങളെ പരിചയപ്പെടുന്നതിനും കഴിയുന്നത്ര ഇനങ്ങൾ നട്ടുവളർത്തുന്നതിനുമുള്ള പദ്ധതിയാണിത്. ഭക്ഷ്യവിഭവങ്ങൾ മാത്രമല്ല, പ്രകൃതിസൗഹൃദമായി ഉപയോഗിക്കാവുന്ന നിരവധി വിഭവങ്ങളും വാഴയിൽനിന്ന് ലഭിക്കും. ഈ പദ്ധതി വളരെ എളുപ്പത്തിൽ എല്ലാ സ്കൂളുകളിലും നടപ്പിലാക്കാവുന്നതാണ്.

## മധുരവനം

സ്കൂളിലും വീട്ടിലും നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും പഴങ്ങൾ നൽകുന്ന മരങ്ങൾ നട്ടുവളർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. ആരോഗ്യം നൽകുന്ന പഴങ്ങൾ നമുക്ക് ലഭിക്കും എന്നതിനുപുറമേ നമ്മുടെ സഹജീവികൾക്കും ഭക്ഷണം ഉറപ്പാക്കാൻ കഴിയും എന്നതാണ് ഈ പദ്ധതിയുടെ മേന്മ. പക്ഷിമൃഗാദികളിലൂടെ ഫലവൃക്ഷങ്ങളുടെ വിത്തുകൾ കൂടുതൽ ദൂരേക്ക് എത്തി നിരവധി മരങ്ങൾ ഉണ്ടാവുകയും ഭൂമിക്ക് തണലാവുകയും ചെയ്യും.

# ഫൈവ് - സ്റ്റാർ മത്സരം

സീഡ് പ്രവർത്തനങ്ങളുടെ ഭാഗമായി ജൂലായ്മുതൽ നവംബർവരെ അഞ്ചുമാസങ്ങളിലായി നടത്തുന്ന വൈവിധ്യമാർന്ന മത്സരമാണിത്. ഒരു മത്സരം അധ്യാപകർക്കും ഒരു മത്സരം രക്ഷിതാക്കൾക്കുമാണ്. ജില്ലാതലത്തിലാണ് സമ്മാനങ്ങൾ നൽകുക.ഓരോ മത്സരത്തിനും ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തുന്നവർക്ക് സമ്മാനമുണ്ട്. ഓരോ മാസത്തെയും മത്സരം കഴിയുമ്പോൾ വിജയികൾക്ക് സമ്മാനം നൽകും. ഒന്നാംസമ്മാനമായി 500 രൂപയുടെ പുസ്തകങ്ങളും രണ്ടാംസമ്മാനമായി 300 രൂപയുടെ പുസ്തകങ്ങളും മൂന്നാംസമ്മാനമായി 200 രൂപയുടെ പുസ്തകങ്ങളും ലഭിക്കും.

## ജൂലായ്
## മരക്കഥമത്സരം

**എൽ.പി. - യു.പി. കുട്ടികൾക്ക്**

വീട്ടുമുറ്റത്തെ മാവും പ്ലാവുമൊക്കെ തമ്മിൽ സംസാരിക്കാറുണ്ടോ? കാട്ടിലെ വലിയ മരങ്ങൾ കാറ്റത്ത് തലയാട്ടുമ്പോൾ പരസ്പരം എന്തെങ്കിലും പറയാറുണ്ടോ? മരങ്ങൾക്ക് നമ്മളോട് പറയാൻ ഒരുപാട് കഥകളുണ്ടാകുമോ? മരങ്ങളും ചെടികളും കഥാപാത്രങ്ങളാകുന്ന, അവരുടെ വിശേഷങ്ങളും വികൃതികളും സങ്കടങ്ങളും അറിയുന്ന ഒരു മാന്ത്രികലോകം നിങ്ങളുടെ ഭാവനയിലുണ്ടോ? എങ്കിൽ, നല്ല ഒരു കഥ എഴുതിക്കോളൂ. A4 വലുപ്പമുള്ള രണ്ടുപേജിൽ കവിയാൻ പാടില്ല.



## ഓഗസ്റ്റ്
## ലഹരിക്കെതിരേ ഒരുമിനിറ്റ്

**ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക്**

റീൽസ് കണ്ട് സമയം കളയുന്നു എന്ന പരാതി യൊഴിവാക്കാൻ ഒരു വഴിയിതാ. ഇനി വെറുതേ റീൽസ് കണ്ടിരിക്കുകയല്ല. ക്രിയേറ്റിവിറ്റികൊണ്ട് സമൂഹത്തിൽ ഒരു വലിയ മാറ്റമുണ്ടാക്കാൻ പോവുകയാണ്. ലഹരിയെന്ന വിപത്തിനെതിരേ ശക്തമായ ഒരു സന്ദേശം നൽകാൻ ഒരുമിനിറ്റിൽ നിങ്ങൾക്ക് സാധിക്കുമോ? എങ്കിൽ, ഈ റീൽമത്സരത്തിൽ സമ്മാനമുറപ്പാക്കാം. ലഹരി ഉപയോഗിക്കുന്ന രംഗങ്ങൾ ഒരുകാരണവശാലും വീഡിയോയിൽ കാണിക്കാൻ പാടില്ല. അത് തെറ്റായ സന്ദേശം നൽകുമെന്ന് നിങ്ങൾക്കറിയാമല്ലോ. ലഹരിപദാർഥങ്ങളിൽനിന്ന് പിന്തിരിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ശക്തമായ ഒരു സന്ദേശമുണ്ടെങ്കിൽ, റീൽസിന്റെ നീളം രണ്ടുമിനിറ്റുവരെ ആയാലും മത്സരത്തിന് പരിഗണിക്കും.

## സെപ്റ്റംബർ
## ഹരിതവിചാരം
**അധ്യാപകർക്ക്**

കാലാവസ്ഥാവ്യതിയാനം നാളത്തെ തലമുറയെ എങ്ങനെ ബാധിക്കുമെന്നും ഇതിനെ പ്രതിരോധിക്കാൻ നമുക്ക് എന്ത് ചെയ്യാനാകുമെന്നും ചിന്തിക്കാൻ അധ്യാപകരെക്കാൾ മികച്ച മറ്റാരുണ്ട്? നമ്മുടെ നാടിന്റെ നാളേക്കായി ചിന്തിക്കാൻ അധ്യാപകർക്കിതാ ഒരവസരം. ഈ ആശയാവതരണമത്സരത്തിൽ ലേഖനമായോ പി.പി.ടി.യായോ ആശയങ്ങൾ അവതരിപ്പിക്കാം. ലേഖനമാണെങ്കിൽ, A4 പേപ്പറിൽ മൂന്നു പേജിൽ കവിയരുത്. പ്രസന്റേഷനാണെങ്കിൽ, പരമാവധി 15 സ്ലൈഡ് അടങ്ങിയ പി.പി.ടി. നൽകാം. കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്താൻ കഴിയുന്ന പ്രായോഗികവും നൂതനവുമായ നിർദേശങ്ങൾക്ക് മുൻഗണന നൽകണം.

## നവംബർ
## ഞാൻ കാണുന്ന 2050
**എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക്**

2050-ൽ നമ്മുടെ പ്രകൃതി എങ്ങനെയായിരിക്കും എന്ന വിഷയത്തിൽ അവരവരുടെ ഭാവനയ്ക്കനുസരിച്ച് ഒരു ചിത്രം വരയ്ക്കാനുള്ള മത്സരമാണിത്. ചിത്രത്തിന് A3 സൈസിലധികം വലുപ്പമുണ്ടാവാൻ പാടില്ല.

## ഒക്ടോബർ
## മാലിന്യത്തിൽ നിന്ന് മാണിക്യം
**രക്ഷിതാക്കൾക്ക്**

സീഡ് വിദ്യാർഥികളിൽ നല്ല ശീലങ്ങൾ വളർത്തിയെടുക്കുന്ന രക്ഷിതാക്കൾക്കുള്ള മത്സരമാണിത്. വീട്ടിലെ ഉപയോഗശൂന്യമായ വസ്തുക്കളെ പുനരുപയോഗിക്കാവുന്ന ഉത്പന്നങ്ങളാക്കി മാറ്റാനുള്ള കഴിവ് തെളിയിക്കാനുള്ള അവസരം. എല്ലാ സീഡ് വിദ്യാർഥികളുടെയും രക്ഷിതാക്കൾക്ക് മത്സരത്തിൽ പങ്കെടുക്കാം. പ്ലാസ്റ്റിക് കുപ്പികൾ, പഴയ വസ്ത്രങ്ങൾ, കാർഡ്ബോർഡ് ബോക്സുകൾ, ചിരട്ട, പഴയ പത്രങ്ങൾ തുടങ്ങിയ ഉപയോഗശൂന്യമായ വസ്തുക്കളാണ് നിർമാണത്തിനായി ഉപയോഗിക്കേണ്ടത്. പുതിയ ക്രാഫ്റ്റ് പേപ്പറുകളോ വിലകൂടിയ വസ്തുക്കളോ ഉപയോഗിക്കാൻ പാടില്ല. നിങ്ങളുടെ ഉത്പന്നം വീടുകളിൽ ഉപയോഗിക്കാൻ കഴിയുന്ന നിത്യോപയോഗസാധനമോ അലങ്കാരവസ്തുവോ ആയിരിക്കണം. നിർമാണരീതിയും ഉപയോഗവും വ്യക്തമാക്കുന്ന കുറിപ്പ് വേണം. ഉത്പന്നത്തിന്റെ ഫോട്ടോയും വീഡിയോയും ചേർക്കാം. സ്കൂളിലെ സീഡ് ടീച്ചർ കോഡിനേറ്റർക്കാണ് മത്സര എൻട്രികൾ സമർപ്പിക്കേണ്ടത്. അതിൽനിന്ന് ഏറ്റവും മികച്ചത് തിരഞ്ഞെടുത്ത് മാതൃഭൂമി സീഡ് കോഡിനേറ്ററെ ഏൽപ്പിക്കണം. ഈ മത്സരം സ്കൂളുകളിൽ ലൈവായി നടത്തി, അതിൽ വിജയിയാവുന്നവരെ സ്കൂളിന് നിർദേശിക്കുകയുമാവാം.

ജൂൺമുതൽ ഡിസംബർവരെയുള്ള പ്രവർത്തനങ്ങളുടെ മാർഗരേഖയാണിത്. ഇവിടെ പറഞ്ഞിരിക്കുന്ന മാർഗനിർദേശങ്ങൾ പിന്തുടർന്ന് ഓരോ സ്കൂളിനും വൈവിധ്യമുള്ള പരിപാടികൾ സംഘടിപ്പിക്കാം. ഓരോ മാസവും ഓരോ പ്രമുഖവ്യക്തിയെ പരിചയപ്പെടുത്തുന്നുണ്ട്. അവർക്ക് അതത് മാസവുമായുള്ള ബന്ധവും പറയുന്നുണ്ട്. ആ വിവരങ്ങളെ അടിസ്ഥാനമാക്കി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

## 2026 ജൂൺ

## പ്രകൃതിയുടെ വീണ്ടെടുപ്പിനായി നമുക്ക് മണ്ണിലേക്കിറങ്ങാം

മഴനൂലുകൾ മണ്ണിലേക്ക് വിരുന്നെത്തുന്ന ജൂൺ മാസം. പുതുവർഷത്തിന്റെ ആവേശവുമായി വിദ്യാലയമുറ്റത്തേക്ക് കുട്ടികളുമെത്തുന്നു. അറിവുകളിലേക്കുള്ള പ്രവേശനത്തോടൊപ്പം വരുംതലമുറയുടെ നിലനിൽപ്പിനായുള്ള കരുതലും നമ്മുടെ ഓരോ ചുവടുവയ്പിലും ഉണ്ടാകണം. ജൂൺ മാസത്തിൽ ഓരോ വിദ്യാലയവും പഠനത്തോടൊപ്പം വൈവിധ്യമാർന്ന സീഡ് പ്രവർത്തനങ്ങൾക്കും തുടക്കം കുറിക്കണം.

**ജൂൺ 5-പരിസ്ഥിതിദിനം:** 'കാലാവസ്ഥാപ്രവർത്തനം' (Climate Action) എന്നതാണ് ഈ വർഷത്തെ പരിസ്ഥിതിദിനത്തിന്റെ മുഖ്യസന്ദേശം. പ്രകൃതിയെ കേവലം ഒരു കാഴ്ചവസ്തുവായി കാണാതെ, അതിനെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണെന്ന ബോധ്യം വിദ്യാർഥികളിൽ വളർത്തുകയെന്നതാണ് ഈ പരിപാടികളുടെ ലക്ഷ്യം. ഇതിനായുള്ള പ്രവർത്തനങ്ങൾ പരിസ്ഥിതിദിനത്തിൽ തുടങ്ങാം.

**കാലാവസ്ഥാചർച്ച:** 2026-ലെ 'Climate Action' എന്ന ആഗോളപ്രമേയത്തെ അടിസ്ഥാനമാക്കി കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചും അത് കേരളത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും സെമിനാർ സംഘടിപ്പിക്കുക. വർധിക്കുന്ന ചൂട്, ക്രമരഹിതമായ മഴ, പ്രളയം എന്നിവ ചർച്ചയുടെ ഭാഗമാക്കാം.

**പോസ്റ്റർ നിർമാണം:** 'കാലാവസ്ഥാമാറ്റം തടയാൻ നമുക്കെന്ത് ചെയ്യാം?' എന്ന വിഷയത്തിൽ പോസ്റ്റർ തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കാം.

**ജൂൺ 8-ലോക സമുദ്രദിനം:** കേരളംപോലുള്ള ഒരു തീരദേശസംസ്ഥാനത്ത് സമുദ്രമലിനീകരണത്തെക്കുറിച്ചും പ്ലാസ്റ്റിക് കടലിലെത്തുന്നതിനെക്കുറിച്ചും ബോധവത്കരണം നടത്താം.

**ജൂൺ 19-വായനദിനം:** പരിസ്ഥിതിയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രദർശനമോ വായനയോ സംഘടിപ്പിക്കാം.

**മണ്ണിനെയറിഞ്ഞും പ്രകൃതിയെ സ്നേഹിച്ചും നമുക്ക് പുതിയ അധ്യയനവർഷത്തെ വരവേൽക്കാം.**



**സാലുമരദ തിമ്മക്ക**
Saalumarada Thimmakka
ജനനം: 1911 ജൂൺ 30

കർണാടകസ്വദേശിയായ സാലുമരദ തിമ്മക്ക 'വൃക്ഷങ്ങളുടെ മാതാവ്' എന്നറിയപ്പെടുന്നു. അവർ മുന്നൂറ്റിയെൺപതിലധികം ആൽമരങ്ങൾ നട്ടുപിടിപ്പിക്കുകയും അവയെ സ്വന്തം മക്കളെപ്പോലെ പരിപാലിക്കുകയും ചെയ്തു. അവരുടെ പ്രവർത്തനങ്ങളെ മുൻനിർത്തി പദ്മശ്രീപുരസ്കാരം നൽകി രാജ്യം ആദരിച്ചിരുന്നു. 2025 നവംബറിൽ അന്തരിച്ചു. തിമ്മക്കയുടെ ജീവിതം ഓരോ വിദ്യാർഥിക്കും വലിയൊരു പാഠപുസ്തകമാണ്.

### ആകാശപ്പച്ച




മാതൃഭൂമി സീഡ് പ്രസിദ്ധീകരിക്കുന്ന ആകാശപ്പച്ച എന്ന ഡിജിറ്റൽ മാഗസിനിലേക്കുള്ള രചനകൾ akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയയ്ക്കാം. വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോഡിനേറ്ററോട് ചോദിച്ച് മനസ്സിലാക്കണം.

## 2026 ജൂലായ്
## മണ്ണിൽ വീഴുന്ന ജലം ഭൂമിയുടെ നിധിയാക്കി സംരക്ഷിക്കാം

മണ്ണും മനസ്സും കുളിർക്കാൻ ഹരിതപ്രവർത്തനങ്ങളുമായി മുന്നോട്ട്

മഴ കനക്കുന്ന ജൂലായ് മാസം മണ്ണിൽ വിത്തെറിയാനും പ്രകൃതിയെ കൂടുതൽ കരുതലോടെ കാണാനും അനുയോജ്യമായ സമയമാണ്. ജൂണിൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ തുടർച്ചയായും പുതിയ പദ്ധതികളുടെ തുടക്കമായും ഈ മാസം മാറണം.

**ജൂലായ് ഒന്നുമുതൽ ഏഴുവരെ:** വനമഹോത്സവം
കുട്ടിവനങ്ങൾ (Mini Forests): സ്കൂളിലെ ഒഴിഞ്ഞ കോണുകളിൽ 'മിയാവാക്കി' മാതൃകയിലോ തദ്ദേശീയമായ മരങ്ങളുപയോഗിച്ചോ ചെറിയ കാടുകൾ നിർമിക്കാം.

**ഔഷധത്തോട്ടം:** ഔഷധസസ്യങ്ങളെ പരിചയപ്പെടാനും അവ വളർത്താനുമുള്ള പ്രവർത്തനങ്ങൾ വനമഹോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കാം.

**ജൂലായ് 3-അന്താരാഷ്ട്ര പ്ലാസ്റ്റിക് ബാഗ് വിരുദ്ധ ദിനം**
ഭൂമിക്ക് ഭാരമായ പ്ലാസ്റ്റിക് ബാഗുകളെ പൂർണമായും ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ നടത്താം.

**പേപ്പർ ബാഗ് നിർമാണം:** പ്ലാസ്റ്റിക് കവറുകൾക്ക് പകരമായി പഴയ പത്രങ്ങളുപയോഗിച്ച് പേപ്പർബാഗുകളും പഴയ തുണിയുപയോഗിച്ച് സഞ്ചികളും നിർമിക്കാൻ കുട്ടികൾക്ക് പരിശീലനം നൽകാം.


**ജൂലായ് 11-ലോക ജനസംഖ്യാദിനം**
വർധിച്ചുവരുന്ന ജനസംഖ്യ ഭൂമിയിലെ ഭക്ഷണം, വെള്ളം, സ്ഥലം എന്നിങ്ങനെ പരിമിതമായ വിഭവങ്ങളിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ചർച്ചകളും ബോധവത്കരണവും നടത്താം. 'വിഭവങ്ങളുടെ മിതമായ ഉപയോഗം' എന്ന വിഷയത്തിൽ ക്ലാസുകൾ സംഘടിപ്പിക്കാം.

**ജൂലായ് 28-ലോക പ്രകൃതിസംരക്ഷണദിനം**
വിദ്യാലയത്തിൽ ഔഷധത്തോട്ടം ആരംഭിക്കാം. ഗ്രിഗർ മെൻഡലിനെ അനുസ്മരിച്ചുകൊണ്ട് സ്കൂളിൽ പയർവർഗങ്ങളുടെ ഒരു പ്രത്യേക തോട്ടം നിർമിക്കാം.

**മഴക്കുഴികൾ:** സ്കൂൾഗ്രൗണ്ടിൽ വെള്ളം താഴ്ന്നുപോകാനായി ചെറിയ മഴക്കുഴികൾ നിർമിച്ച് ഭൂഗർഭജലനിരപ്പ് ഉയർത്താം.

**മലിനീകരണവിരുദ്ധ കാംപെയ്ൻ:** മഴക്കാലത്ത് പടരുന്ന പകർച്ചവ്യാധികൾ തടയാൻ സ്കൂൾപരിസരം ശുചിയായി സൂക്ഷിക്കാനുള്ള 'ഡ്രൈ ഡേ' ആചരിക്കാം.

**പ്രകൃതി ഒരു തുറന്ന പാഠപുസ്തകമാണ്. അത് വായിക്കാൻ ഗ്രിഗർ മെൻഡലിനെപ്പോലെ നമുക്കും ശ്രമിക്കാം.**



**ഗ്രിഗർ മെൻഡൽ**
Gregor Mendel
ജനനം: 1822 ജൂലായ് 20

'ആധുനിക ജനിതകശാസ്ത്രത്തിന്റെ പിതാവ്' എന്നറിയപ്പെടുന്ന ശാസ്ത്രജ്ഞനാണ് ഗ്രിഗർ മെൻഡൽ. ഒരു സന്ന്യാസിയായിരുന്നിട്ടും തന്റെ ആശ്രമത്തിലെ ചെറിയ തോട്ടത്തിൽ പയർച്ചെടികൾ നട്ടുപിടിപ്പിച്ച് അദ്ദേഹം നടത്തിയ നിരീക്ഷണങ്ങളാണ് ശാസ്ത്രലോകത്തെ മാറ്റിമറിച്ചത്. വലിയ പരീക്ഷണശാലകളില്ലെങ്കിലും നിരീക്ഷണപാടവമുണ്ടെങ്കിൽ പ്രകൃതിയിൽനിന്ന് വലിയ സത്യങ്ങൾ കണ്ടെത്താമെന്ന് മെൻഡലിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പച്ചക്കറിക്കൃഷിയും വിത്തുവിതരണവും നടത്തുമ്പോൾ, ഗ്രിഗർ മെൻഡലിന്റെ പരീക്ഷണങ്ങളെക്കുറിച്ച് കുട്ടികൾക്ക് വിവരിച്ചുനൽകുന്നത് അവരിൽ ഗവേഷണതാത്പര്യം വളരാൻ സഹായിക്കും.

പ്രധാന ദിനാചരണങ്ങൾക്കു പുറമേ മറ്റ് ദിനാചരണങ്ങളും പ്രവർത്തനത്തിൽ ഉൾപ്പെടുത്തുന്നത് മികച്ച സ്കോർ ഉറപ്പാക്കാൻ സഹായിക്കും.

2026 ഓഗസ്റ്റ്

## പ്രകൃതിയുടെ സമൃദ്ധിയിൽ ഹരിതഭംഗിയോടെ ഓണത്തെ വരവേൽക്കാം

ചിങ്ങമാസത്തിലെ ഓണസമൃദ്ധിയിൽ തീർച്ചയായും ആഗോള പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചുള്ള ചിന്തകൾക്ക് വലിയ പ്രാധാന്യമുണ്ട്. ഓണക്കാലത്തെ അവധിദിനങ്ങൾ സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് നടത്തുന്ന പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാം. പ്രകൃതിയുടെ സമൃദ്ധിയെ അറിഞ്ഞും ആദരിച്ചും ഈ മാസത്തെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാം.

**ഓഗസ്റ്റ് 6 & 9: ഹിരോഷിമ- നാഗസാക്കി ദിനങ്ങൾ**
യുദ്ധം പ്രകൃതിയിലും മനുഷ്യനിലും ഉണ്ടാക്കുന്ന കഠിനമായ ആഘാതങ്ങളെക്കുറിച്ച് കുട്ടികളിൽ ബോധവത്കരണം നടത്താം. 'സമാധാനവും പരിസ്ഥിതിയും' എന്ന വിഷയത്തിൽ ചർച്ചകൾ സംഘടിപ്പിക്കാം.

**ഓഗസ്റ്റ് 10: ലോക ജൈവഇന്ധന ദിനം (World Biofuel Day)**
ഫോസിൽ ഇന്ധനങ്ങൾക്ക് പകരമായി ഉപയോഗിക്കാവുന്ന ജൈവ ഇന്ധനങ്ങളെക്കുറിച്ച് കുട്ടികൾക്ക് വിവരം നൽകാം. സ്കൂളിലെ പാചകവാതകത്തിന് പകരമായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.


**ഓഗസ്റ്റ് 15: സ്വാതന്ത്ര്യദിനം**
സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി സ്കൂൾ കാമ്പസിൽ ഔഷധസസ്യങ്ങളോ തദ്ദേശീയമായ വൃക്ഷത്തൈകളോ നട്ടുപിടിപ്പിക്കാം. 'പ്ലാസ്റ്റിക്മുക്ത സ്വാതന്ത്ര്യം' എന്ന സന്ദേശം പകർന്നുനൽകാം.

**ഓഗസ്റ്റ് 20: അക്ഷയ ഊർജദിനം (Renewable Energy Day)**
പാരമ്പര്യേതര ഊർജം, സൗരോർജം, കാറ്റ് തുടങ്ങിയ പുനരുപയോഗിക്കാവുന്ന ഊർജസ്രോതസ്സുകളുടെ പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാം. സ്കൂളിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കാനുള്ള 'എനർജി ഓഡിറ്റിങ്' ഈ ദിവസം നടത്താം.

**ഓണത്തനിമ:** പ്രകൃതിയിൽനിന്ന് പൂക്കൾ ശേഖരിച്ചും, രാസവസ്തുക്കൾ കലരാത്ത പച്ചക്കറികൾ ഉപയോഗിച്ചും ഓണം ആഘോഷിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാം. ഓണാഘോഷങ്ങളിൽ പ്ലാസ്റ്റിക് തോരണങ്ങളും ഡിസ്പോസിബിൾ പാത്രങ്ങളും ഒഴിവാക്കി പ്രകൃതിസൗഹൃദ വസ്തുക്കൾ ഉപയോഗിക്കാം. ജൈവക്കൃഷി വിളവെടുപ്പ്: ഓണത്തിനായി നട്ട പച്ചക്കറികളുടെ വിളവെടുക്കാം.

**പൂന്തോട്ട നിർമാണം:** സ്കൂളിലെ പൂന്തോട്ടങ്ങൾ നവീകരിക്കാനും വൈവിധ്യമാർന്ന നാട്ടുപൂച്ചെടികൾ നട്ടുപിടിപ്പിക്കാനും ഈ മാസം പ്രയോജനപ്പെടുത്താം.

**'വിശപ്പില്ലാത്ത ലോകത്തിനായി പ്രകൃതിയെ കരുതലോടെ കാക്കാം' എന്ന ഡോ. എം.എസ്. സ്വാമിനാഥന്റെ ദർശനം മുൻനിർത്തി ഈ ഓഗസ്റ്റ് മാസത്തെ നമുക്ക് അർഥവത്താക്കാം.**



**എം.എസ്. സ്വാമിനാഥൻ**
M.S. Swaminathan
ജനനം: 1925 ഓഗസ്റ്റ് 7

ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഡോ. എം.എസ്. സ്വാമിനാഥൻ ഒരു ലോകപ്രശസ്തനായ കാർഷിക ശാസ്ത്രജ്ഞനായിരുന്നു. ഇന്ത്യയെ ഭക്ഷ്യ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിൽ അദ്ദേഹം മുഖ്യപങ്ക് വഹിച്ചു. 'ശാസ്ത്രം പ്രകൃതിയുമായി ഇണങ്ങിനിൽക്കുന്നതാകണം'. പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള സുസ്ഥിര കൃഷിരീതികളെക്കുറിച്ച് (Sustainable Agriculture) അദ്ദേഹം നൽകിയ പാഠങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്താം.

സ്കൂളുകളിൽ നടത്തിയ തുടർച്ചയായ സീഡ് പ്രവർത്തനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കണം. ഇനി വരുന്ന കുട്ടികൾക്ക് മാർഗരേഖയായി അത് ഉപയോഗിക്കാൻ കഴിയും. ലൈബ്രറി പോലെ എല്ലാവരും എത്തുന്ന സ്ഥലത്ത് സൂക്ഷിക്കുന്നതാണ് ഉചിതം.

## 2026 സെപ്റ്റംബർ
## മഴതോർന്ന്
## മണ്ണിന്റെ സമൃദ്ധിയിലേക്ക്

മഴ കുറഞ്ഞ് വെയിൽ തെളിയുന്ന ഓഗസ്റ്റ് മാസം വിളവെടുപ്പിന്റെയും ഒപ്പം പുതിയ കൃഷിയിറക്കലിന്റെയും സമയമാണ്. സ്വാതന്ത്ര്യത്തിന്റെ ഓർമ്മകൾ പുതുക്കുന്ന ഈ മാസം, പ്രകൃതിയുടെ സ്വാതന്ത്ര്യത്തിനും സംരക്ഷണത്തിനുമായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

**സെപ്റ്റംബർ 16: ലോക ഓസോൺ ദിനം**
ഭൂമിയുടെ സംരക്ഷണ കവചമായ ഓസോൺ പാളിയെക്കുറിച്ചും അത് നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും കുട്ടികളിൽ അവബോധമുണ്ടാക്കാം. 'ഓസോൺ പാളി- ജീവന്റെ കാവലാൾ' എന്ന വിഷയത്തിൽ ചർച്ചകളോ ക്ലാസുകളോ സംഘടിപ്പിക്കാം. ഓസോൺ സുഹൃദ് ഉത്പന്നങ്ങളെ (Ozone friendly products) പരിചയപ്പെടുത്താം.

**സെപ്റ്റംബർ 18: ലോക മുളദിനം (World Bamboo Day)**
പരിസ്ഥിതിസൗഹൃദമായ മുളയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ പഠിപ്പിക്കാം. സ്കൂൾ പരിസരത്ത് തദ്ദേശീയമായ മുളകൾ നട്ടുപിടിപ്പിക്കാം.

**സെപ്റ്റംബർ 27: ലോക നദിദിനം**
കേരളത്തിലെ പുഴകളെയും അവ നേരിടുന്ന മലിനീകരണത്തെയും കുറിച്ച് പഠിക്കാം. സ്കൂളിന് സമീപമുള്ള ജലാശയങ്ങൾ സന്ദർശിക്കുകയും അവ ശുചീകരിക്കാൻ ശ്രമിക്കുകയും ചെയ്യാം.

**ശലഭോദ്യാനം:** മഴമാറി വെയിൽവരുന്ന സമയമായതിനാൽ ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ നട്ടുപിടിപ്പിച്ച് സ്കൂളിൽ ഒരു ശലഭോദ്യാനം (Butterfly Garden) സജ്ജമാക്കാം.

**ജലശുദ്ധീകരണം:** മഴക്കാലത്തിനുശേഷം കിണറുകളിലെയും കുളങ്ങളിലെയും വെള്ളം ക്ലോറിനേഷൻ നടത്തി ശുദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാം.

**മണ്ണുപരിശോധന:** കൃഷിക്ക് അനുയോജ്യമായ രീതിയിൽ മണ്ണിന്റെ ഗുണനിലവാരം പരിശോധിക്കാനും ജൈവവളങ്ങൾ ചേർക്കാനും കുട്ടികളെ പഠിപ്പിക്കാം.

**വിത്തുബാങ്ക് നിർമാണം:** വിവിധയിനം പച്ചക്കറികളുടെയും പൂക്കളുടെയും വിത്തുകൾ ശേഖരിച്ച് സ്കൂളിൽ ഒരു 'വിത്തുബാങ്ക്' ആരംഭിക്കാം.

**'മണ്ണിൽ നന്മ വിളയിക്കാം, വിഷരഹിതമായി ആഘോഷങ്ങൾ ഒരുക്കാം' എന്ന സന്ദേശത്തോടെ ഈ സെപ്റ്റംബർ നമുക്ക് ഉത്സവമാക്കാം.**

ഓരോ വർഷവും സീഡ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പ്രകൃതിസംരക്ഷണത്തിന്റെ ഒറ്റയടിപ്പാതകളാണ്. ഇതിലൂടെ ലഭിക്കുന്ന അറിവുകളാണ് നമ്മളെ മുന്നോട്ട് നയിക്കേണ്ടത്.



**റേച്ചൽ കാഴ്സൺ**
Rachel Carson
1962 സെപ്റ്റംബർ 27-ന് സൈലന്റ് സ്പ്രിങ് പ്രസിദ്ധീകരിച്ചു

ആധുനിക പരിസ്ഥിതിപ്രസ്ഥാനത്തിന്റെ മാതാവ് എന്ന് അറിയപ്പെടുന്ന ശാസ്ത്രജ്ഞയാണ് റേച്ചൽ കാഴ്സൺ. അവരുടെ 'സൈലന്റ് സ്പ്രിങ്' (Silent Spring) എന്ന പുസ്തകം കീടനാശിനികൾ പ്രകൃതിക്കുണ്ടാക്കുന്ന ദോഷങ്ങളെക്കുറിച്ച് ലോകത്തിന് മുന്നറിയിപ്പ് നൽകി. റേച്ചൽ കാഴ്സണെ ലോകപ്രശസ്തയാക്കിയ 'സൈലന്റ് സ്പ്രിങ്' പൂർണരൂപത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ചത് 1962 സെപ്റ്റംബർ 27-നാണ്. പരിസ്ഥിതി ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു നാഴികക്കല്ലായി ഈ ദിവസം കണക്കാക്കപ്പെടുന്നു. ആധുനിക പരിസ്ഥിതിപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് ഇവിടെനിന്നാണ്. 'കീടനാശിനികളില്ലാത്ത കൃഷി'യെക്കുറിച്ചും ഓണക്കാലത്ത് വിപണിയിൽ എത്തുന്ന പച്ചക്കറികളിലെ വിഷാംശത്തെക്കുറിച്ചും കുട്ടികൾക്ക് മനസ്സിലാക്കാൻ റേച്ചൽ കാഴ്സന്റെ ജീവിതം പ്രചോദനമാകും.

## 2026 ഒക്ടോബർ
# വന്യജീവികളെ കാക്കാം, ജൈവവൈവിധ്യത്തിന്റെ കാവലാളാകാം

മഴ മാറി ആകാശം തെളിയുന്നതോടെ തുമ്പികളും പൂമ്പാറ്റകളും സജീവമാകുന്ന കാലമാണ് ഒക്ടോബർ. വന്യജീവി സംരക്ഷണത്തിന്റെയും പ്രകൃതിസൗഹൃദ ജീവിതത്തിന്റെയും പാഠങ്ങൾ പരിചിതമാക്കാനും പ്രാവർത്തികമാക്കാനും പറ്റിയ സമയം. കുളിർമയുള്ള ഒക്ടോബറിൽ നമുക്ക് പുതിയ പ്രവർത്തനങ്ങളിലേക്ക് ചുവടുവയ്ക്കാം.

**ഒക്ടോബർ 2: ഗാന്ധിജയന്തി**
ശുചിത്വം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിന്റെ ഗുണഫലം വിദ്യാർഥികൾക്ക് മനസ്സിലാവുന്നവിധത്തിൽ നടപ്പാക്കണം. മൺസൂൺ ക്ലീൻ അപ്പ്: മഴക്കാലം അവസാനിക്കുന്നതോടെ സ്കൂൾ പരിസരങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ, നീക്കംചെയ്യാം.

**ഒക്ടോബർ 2 മുതൽ 8 വരെ: വന്യജീവി സംരക്ഷണ വാരം (Wildlife Conservation Week)**
മൃഗങ്ങളും പക്ഷികളും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് ബോധവത്കരണം നടത്താം. വിദ്യാലയപരിസരത്തെ പക്ഷികളെയും പൂമ്പാറ്റകളെയും നിരീക്ഷിക്കാനും അവയുടെ വിവരങ്ങൾ രേഖപ്പെടുത്താനും 'ജൈവവൈവിധ്യ രജിസ്റ്റർ' (Biodiversity Register) തയ്യാറാക്കാം.

**ഒക്ടോബർ 16: ലോക ഭക്ഷ്യദിനം**
'ഭക്ഷണം എല്ലാവരുടെയും അവകാശമാണ്' എന്ന സന്ദേശം എല്ലാവരിലും എത്തിക്കാം.
പ്രവർത്തനം: വിത്തുകൾ പങ്കുവയ്ക്കുന്ന 'സീഡ് ബാങ്ക്' വിപുലീകരിക്കുകയും പട്ടിണിരഹിത ലോകത്തിനായി, ഭക്ഷണത്തിന്റെ പാഴാക്കൽ ഒഴിവാക്കാൻ പ്രതിജ്ഞയെടുക്കുകയും ചെയ്യാം.

**ഒക്ടോബർ 31: ലോക നഗര ദിനം (World Cities Day)**
നഗരവത്കരണം പ്രകൃതിക്കുണ്ടാക്കുന്ന ആഘാതങ്ങൾ ചർച്ചചെയ്യാം. സ്കൂളുകളിൽ 'വെർട്ടിക്കൽ ഗാർഡൻ' അല്ലെങ്കിൽ റൂഫ് ടോപ്പ് തുടങ്ങിയ പരിമിതമായ സ്ഥലത്ത് ചെയ്യാവുന്ന കൃഷി രീതികൾ പരിചയപ്പെടാം.

**പക്ഷികൾക്ക് കരുതൽ:** വേനലിലേക്ക് കടക്കുന്നതിന് മുന്നോടിയായി പക്ഷികൾക്കായി മൺപാത്രങ്ങളിൽ വെള്ളം വയ്ക്കുന്ന പദ്ധതിക്ക് രൂപംനൽകാം.

**ജൈവവള നിർമാണം:** വീണുകിടക്കുന്ന കരിയിലകൾ ശേഖരിച്ച് കമ്പോസ്റ്റ് കുഴികളിലിട്ട് ജൈവവളം നിർമിക്കാൻ തുടങ്ങാം. കരിയിലകൾ കത്തിക്കുന്നത് നിരുത്സാഹപ്പെടുത്തണം.

**'മണ്ണിലെ ഓരോ മരവും കാട്ടിലെ ഓരോ ജീവിയും നമ്മുടെ ചങ്ങാതിയാണ്' എന്ന ബോധ്യത്തോടെ ഈ ഒക്ടോബർ മാസത്തെ നമുക്ക് അനശ്വരമാക്കാം.**



**വാങ്ഗാരി മാതായ്**
Wangari Maathai
നൊബേൽ സമ്മാനം
2004 ഒക്ടോബർ

ആഫ്രിക്കയിൽ 'ഗ്രീൻ ബെൽറ്റ് മൂവ്മെന്റ്' (Green Belt Movement) എന്ന വലിയ പരിസ്ഥിതിപ്രസ്ഥാനത്തിന് തുടക്കംകുറിച്ച വ്യക്തിയാണ് വാങ്ഗാരി മാതായ്. 2004 ഒക്ടോബറിലാണ് പരിസ്ഥിതിപ്രവർത്തനത്തിനുള്ള നൊബേൽ സമ്മാനം അവർക്ക് ലഭിക്കുന്നത്. ആദ്യമായി ഒരു ആഫ്രിക്കൻ വനിതയ്ക്ക് ലഭിക്കുന്ന സമാധാന നൊബേൽ ആയിരുന്നു അത്. ഈ ചരിത്രമുഹൂർത്തത്തെ മുൻനിർത്തി 'പരിസ്ഥിതിസംരക്ഷണം എന്നാൽ സമാധാനത്തിന്റെ കാവലാകലാണ്' എന്ന് നമുക്ക് മനസ്സിലാക്കാം. കാടുകൾ സംരക്ഷിക്കപ്പെട്ടാൽമാത്രമേ വന്യജീവികൾ നിലനിൽക്കുകയുള്ളൂ എന്ന് തിരിച്ചറിഞ്ഞ വാങ്ഗാരിയെ 'വന്യജീവിവാരത്തിൽ' നമുക്ക് ഓർമ്മിക്കാം.



## 2026 നവംബർ
## കാർഷികകേരളം
## സുന്ദരകേരളം

പ്രകൃതിയോടൊപ്പം ഒരു പുതുപ്പിറവി. കേരളപ്പിറവിയുടെ ഓർമ്മകളുമായി തുടങ്ങുന്ന നവംബർ, നമ്മുടെ പൈതൃകവും പരിസ്ഥിതിയും തമ്മിലുള്ള അവിഭാജ്യമായ ബന്ധത്തെ ഓർമ്മിപ്പിക്കുന്നു. തുലാവർഷം സജീവമാകുന്നതിനുമുൻപുള്ള ഈ കാലയളവിൽ ജലസംരക്ഷണത്തിനും കാർഷികപഠനത്തിനും ഊന്നൽനൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്.

**നവംബർ 1: കേരളപ്പിറവി**

നമ്മുടെ നാടിന്റെ പ്രകൃതിവിഭവങ്ങളെയും കൃഷിരീതികളെയും സംരക്ഷിക്കുമെന്ന് പ്രതിജ്ഞചെയ്തുകൊണ്ട് ഈ ദിവസം ആചരിക്കാം. പലവിധത്തിലുള്ള കൃഷിയിടങ്ങൾ സന്ദർശിക്കുകയും കൃഷിരീതികൾ മനസ്സിലാക്കുകയും ചെയ്യാം. കർഷകരെ ആദരിക്കുകയും അവരിൽനിന്ന് അനുഭവപാഠങ്ങൾ അറിയുകയും ചെയ്യുന്നത് നല്ലതാണ്.

**മഴവെള്ളസംഭരണം:** മഴവെള്ളം പാഴാക്കാതെ കിണറുകളിലേക്ക് റീചാർജ്ചെയ്യാനുള്ള സംവിധാനങ്ങൾ പരിശോധിക്കാം. മണ്ണൊലിപ്പ് തടയൽ: ചരിവുള്ള പ്രദേശങ്ങളിൽ രാമച്ചമോ മറ്റ് പുല്ലുകളോ വെച്ചുപിടിപ്പിച്ച് മഴവെള്ളംകൊണ്ടുണ്ടാകുന്ന മണ്ണൊലിപ്പ് തടയാം.


**ശീതകാല പച്ചക്കറിക്കൃഷി:** ശീതകാല പച്ചക്കറികൾ നട്ടുപിടിപ്പിക്കാൻ നഴ്സറികൾ ഒരുക്കാം.

**നാട്ടറിവ് പഴയറിവ്:** മുതിർന്ന ആളുകളിൽനിന്ന് നമ്മുടെ നാട്ടിലെ പഴയ കൃഷിരീതികളെയും ഔഷധസസ്യങ്ങളെയും കുറിച്ച് ചോദിച്ചറിയുന്ന 'പഴയറിവ്' പരിപാടി സംഘടിപ്പിക്കാം.

**നവംബർ 12: ദേശീയ പക്ഷിനിരീക്ഷണ ദിനം**

പ്രശസ്ത പക്ഷിശാസ്ത്രജ്ഞൻ ഡോ. സാലിം അലിയുടെ ജന്മദിനമാണിത്. വിദ്യാലയപരിസരത്തെ പക്ഷികളെ നിരീക്ഷിക്കാനും അവയുടെ ശബ്ദം തിരിച്ചറിയാനും കുട്ടികളെ പരിശീലിപ്പിക്കാം. പക്ഷിസങ്കേതങ്ങളെക്കുറിച്ച് ചിത്രപ്രദർശനം സംഘടിപ്പിക്കാം.

**'ചിറകുള്ള കൂട്ടുകാരെ കാക്കാം, പ്രകൃതിയുടെ സംഗീതം നിലയ്ക്കാതെ നോക്കാം' എന്ന സന്ദേശത്തോടെ ഈ നവംബർ മാസത്തെ നമുക്ക് സജീവമാക്കാം.**



**ഡോ. സാലിം അലി**
Dr. Salim Ali
ജനനം: 1896 നവംബർ 12

ഇന്ത്യയുടെ പക്ഷിമനുഷ്യൻ (Birdman of India) എന്നറിയപ്പെടുന്ന ശാസ്ത്രജ്ഞനാണ് സാലിം അലി. സൈലന്റ്‌വാലി ദേശീയോദ്യാനമായി പ്രഖ്യാപിക്കുന്നതിനും തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ രൂപവത്കരണത്തിനും അദ്ദേഹം നൽകിയ ശാസ്ത്രീയനിർദേശങ്ങൾ വിലപ്പെട്ടതായിരുന്നു. സാലിം അലിയെ ഓർക്കുമ്പോൾ, പക്ഷികൾ വെറുമൊരു കാഴ്ചവസ്തുവല്ലെന്നും പ്രകൃതിയിലെ വിത്തുകൾ വിതരണംചെയ്യുന്ന 'വനപാലകർ' ആണെന്നും നമുക്ക് മനസ്സിലാക്കാം. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി സ്കൂളിൽ ഒരു 'ബേഡ് ഫീഡർ' (Bird Feeder) സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

### ജെം ഓഫ് സീഡ്

സീഡിന്റെ പ്രവർത്തനങ്ങളിൽ അസാധാരണമായ മിടുക്ക് പ്രകടിപ്പിക്കുന്ന വിദ്യാർഥികളെയാണ് ജെം ഓഫ് സീഡ് ആയി നിർദേശിക്കേണ്ടത്.

പക്ഷിനിരീക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുമ്പോൾ പക്ഷികളെ ശല്യപ്പെടുത്തരുത്. അവയുടെ കൂടുകളിലോ മുട്ടകളിലോ തൊടരുത്.

2026 ഡിസംബർ

# കരുതിവയ്ക്കാം കരുതലിന്റെ കതിരുകൾ

ഡിസംബറിൽ വർഷം അവസാനിക്കുന്നത് പുതുവർഷത്തിലേക്കുള്ള കരുതൽ ഓർമ്മിപ്പിച്ചുകൊണ്ടാണ്. കുട്ടികൾ ശേഖരിച്ച വിത്തുകൾ ശാസ്ത്രീയമായി ഉണക്കി സൂക്ഷിക്കുന്ന 'വിത്തുപെട്ടി' കൈമാറുന്ന ചടങ്ങ് ഡിസംബറിൽ സ്കൂളിൽ സംഘടിപ്പിക്കാം. പരീക്ഷത്തിരക്കുകളിലേക്ക് കടക്കുന്നതിനുമുൻപ് നാം ഇതുവരെ ചെയ്ത പ്രവർത്തനങ്ങളുടെ വിലയിരുത്തലിനും തുടർ സംരക്ഷണത്തിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുമുള്ള സമയംകൂടിയാണിത്. അതായത് ഈ വർഷത്തെ അവസാനഘട്ട പ്രവർത്തനങ്ങൾ നമുക്ക് ഭംഗിയായി പൂർത്തിയാക്കാനുള്ള സമയം.

**ഡിസംബർ 2: ദേശീയ മലിനീകരണ നിയന്ത്രണദിനം**

ഭോപാൽ ദുരന്തത്തിന്റെ ഓർമ്മ പുതുക്കുന്ന ഈ ദിവസം, പരിസര മലിനീകരണം തടയുന്നതിനെക്കുറിച്ച് ബോധവത്കരണം നടത്താം. പ്രവർത്തനം: സ്കൂൾ ലാബുകളിലെയും ഉച്ചഭക്ഷണശാലയിലെയും മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

**ഡിസംബർ 5: ലോക മണ്ണ് ദിനം**

'മണ്ണ്: ജീവന്റെ ഉറവിടം' എന്ന സന്ദേശം പകർന്നുനൽകാം. പ്രവർത്തനം: മണ്ണൊലിപ്പ് തടയാനും മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്താനും കുട്ടികൾ ചെയ്ത പ്രവർത്തനങ്ങളുടെ ഒരു കുറിപ്പ് തയ്യാറാക്കാം.

**ഡിസംബർ 11: അന്താരാഷ്ട്ര പർവതദിനം**

പശ്ചിമഘട്ട സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കാം.

**ഡിസംബർ 14: ദേശീയ ഊർജസംരക്ഷണദിനം**

ഊർജസംരക്ഷണത്തിന്റെ ആവശ്യകത ചർച്ചചെയ്യാം. പ്രവർത്തനം: 'പരീക്ഷയ്ക്ക് പഠിക്കുമ്പോഴും അവധിക്കാലം ആഘോഷിക്കുമ്പോഴും അനാവശ്യമായി ലൈറ്റുകളും ഫാനുകളും പ്രവർത്തിപ്പിക്കില്ല' എന്ന് കുട്ടികൾക്ക് ബോധവത്കരണം നൽകാം.

**അവധിക്കാല സംരക്ഷണം:** പരീക്ഷക്കാലത്തും അവധിക്കാലത്തും തോട്ടത്തിലെ ചെടികൾ നനയ്ക്കാനും പക്ഷികൾക്ക് വെള്ളം നൽകാനുമൊക്കെയായി പ്രത്യേക 'ഗ്രീൻ വൊളന്റിയർ' ഗ്രൂപ്പുകളെ ചുമതലപ്പെടുത്താം. 'പ്രവർത്തനങ്ങൾ അവസാനിക്കുന്നില്ല, സംരക്ഷണം തുടരുന്നു' എന്ന സന്ദേശത്തോടെ ഈ വർഷത്തെ വിപുലമായ പരിസ്ഥിതിപ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കലിലേക്ക് കടക്കാം.



**നെല്ല് ജയരാമൻ**
**Nel Jayaraman**
**മരണം: 2018 ഡിസംബർ 6**

**തമിഴ്നാട്ടിലെ തിരുവാരൂർ സ്വദേശിയാണ് ജയരാമൻ. അന്യംനിന്നുപോകാനിടയുള്ള 174-ലധികം ഇനം നാടൻ നെൽവിത്തുകൾ ഇദ്ദേഹം വീണ്ടെടുത്ത് സംരക്ഷിച്ചു. ഇതിൽ ഔഷധഗുണമുള്ളതും വരൾച്ചയെയും പ്രളയത്തെയും പ്രതിരോധിക്കാൻ ശേഷിയുള്ളതുമായ വിത്തുകൾ ഉൾപ്പെടുന്നു. അദ്ദേഹത്തെ ഓർക്കുമ്പോൾ, 'വിത്തുകൾ വരുംതലമുറയ്ക്കുള്ള സമ്പാദ്യമാണ്' എന്ന പാഠവും മനസ്സിലാക്കാം. നെല്ല് ജയരാമൻ തമിഴ്നാട്ടിലെ കാവേരി ഡെൽറ്റ മേഖലയിൽ ചെയ്ത അതേ ദൗത്യമാണ് ചെറുവയൽ രാമൻ കേരളത്തിലെ വയനാടൻ മണ്ണിൽ ചെയ്തത്. നെല്ല് ജയരാമൻ തമിഴ്നാടിന്റെ 'നെൽ മനുഷ്യൻ' ആണെങ്കിൽ ചെറുവയൽ രാമൻ കേരളത്തിന്റെ 'വിത്തുപൈതൃകത്തിന്റെ കാവലാൾ' ആണ്. രണ്ടുപേരും പൈതൃകമായ വിത്തുകൾ വരുംതലമുറയ്ക്കായി കരുതിവയ്ക്കാൻ പ്രയത്നിച്ചു.**

# പ്രവർത്തനങ്ങൾ www.mbiseed.com എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണം

സീഡിന്റെ വെബ്സൈറ്റ് പുതിയ സംവിധാനങ്ങളോടെ പുനഃക്രമീകരിച്ചിട്ടുണ്ട്. 2026-ലെ ഹരിതപ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ വെബ്സൈറ്റിൽ ഉണ്ട്. പ്രവർത്തനങ്ങൾ കൃത്യസമയത്ത് അപ്‌ലോഡ് ചെയ്യുന്നത് വിദ്യാലയങ്ങളുടെ ഗ്രേഡിങ്ങിലും മൂല്യനിർണയത്തിലും നിർണായകമാണ്. സ്കൂളുകളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും യഥാസമയം വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണം.

### രജിസ്ട്രേഷനും ലോഗിൻ നടപടികളും

അക്കൗണ്ട് രജിസ്ട്രേഷൻ: ഓരോ വിദ്യാലയവും സീഡ് വെബ്സൈറ്റിലെ നിശ്ചിത ലിങ്കിൽ ലോഗിൻ ചെയ്ത് ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കൂളുകൾക്ക് സ്വന്തമായി ലഭിക്കുന്ന യൂസർ നെയിമും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ പേജ് സന്ദർശിക്കുക. പാസ് വേഡ് സുരക്ഷിതമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുക.

### പ്രവർത്തന മാർഗരേഖ

ലോഗിൻ ചെയ്തശേഷം ഡാഷ്ബോർഡിൽ ലഭ്യമായ '2026 പ്രവർത്തന മാർഗരേഖ' (Activity Guidelines) ഡൗൺലോഡ് ചെയ്യാം. ഇത് ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കും.

### പ്രവർത്തനങ്ങൾ അപ്‌ലോഡ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടവ

**തത്സമയ അപ്‌ലോഡിങ്:** പ്രവർത്തനങ്ങൾ കഴിഞ്ഞാലുടൻതന്നെ റിപ്പോർട്ട് അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഓരോ മാസത്തെയും പ്രവർത്തനങ്ങൾ (ജൂൺമുതൽ ഡിസംബർവരെ) ആ മാസംതന്നെ അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. നടത്തിയ പ്രവർത്തനത്തിന്റെ പേര്, തീയതി, പങ്കെടുത്ത വിദ്യാർഥികളുടെ എണ്ണം, പരിപാടിയുടെ ലക്ഷ്യം എന്നിവ വ്യക്തമാക്കുന്ന ഒരു ലഘുവിവരണം ചേർക്കാം.

**ചിത്രങ്ങളും വീഡിയോകളും:** പ്രവർത്തനങ്ങളുടെ നല്ല ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യുക. വലിയ വീഡിയോ ഫയലുകൾക്ക് പകരം പ്രധാന ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ലഘു വീഡിയോകൾ ഉപയോഗിക്കുക.

### വെബ്സൈറ്റ് മാനേജ്മെന്റിനുള്ള ചുമതലകൾ

സീഡ് ടീച്ചർ കോഡിനേറ്ററെ ഡിജിറ്റൽ റിപ്പോർട്ടിങ്ങിന്റെ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തുക. ഐ.ടി. താത്പര്യമുള്ള വിദ്യാർഥികളെ ഉൾപ്പെടുത്തി സ്റ്റുഡന്റ് എഡിറ്റർമാരുടെ ഒരു 'ഡിജിറ്റൽ ടീം' രൂപവത്കരിക്കാം. ഇവർക്ക് റിപ്പോർട്ടുകൾ ടൈപ്പ് ചെയ്യാനും ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യാനും പരിശീലനം നൽകാം. റിപ്പോർട്ടുകൾ ലളിതവും വ്യക്തവുമായ ഭാഷയിൽ തയ്യാറാക്കുക. അപ്‌ലോഡ് ചെയ്യുന്ന വിവരങ്ങൾ സത്യസന്ധവും കൃത്യതയുള്ളതുമായിരിക്കണം.

### പ്രത്യേകം ശ്രദ്ധിക്കാൻ

പ്രവർത്തനങ്ങൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നത് കേവലം ഒരു കടമയല്ല, മറിച്ച് നിങ്ങളുടെ വിദ്യാലയം പ്രകൃതിക്കായി ചെയ്യുന്ന മഹത്തായ കാര്യങ്ങൾ മറ്റുള്ളവർക്ക് പ്രചോദനമാകാനുള്ള ഒരവസരമാണ്. അതിനാൽ ഓരോ ചെറിയ പ്രവർത്തനവും രേഖപ്പെടുത്താൻ മറക്കരുത്. അവാർഡിനായി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വെബ്സൈറ്റിലെ വിവരങ്ങൾ വളരെയധികം ഉപകരിക്കും എന്ന കാര്യവും മറക്കരുത്.

### ഡേറ്റാ ബാക്കപ്പ്

വെബ്സൈറ്റിൽ നൽകുന്ന വിവരങ്ങളുടെയും ചിത്രങ്ങളുടെയും വീഡിയോകളുടെയും ഒരു കോപ്പി സ്കൂളിലെ കംപ്യൂട്ടറിലോ ഹാർഡ് ഡിസ്കിലോ ബാക്കപ്പ് ആയി സൂക്ഷിക്കുക.

Mathrubhumi Seed
Student Empowerment for Environmental Development
In Partnership with
Federal Bank
Hormis Memorial Foundation
Beyond Banking, Building a Better Society

# 25 ലക്ഷത്തോളം രൂപയുടെ 788 സമ്മാനങ്ങൾ

## ഒപ്പം സർട്ടിഫിക്കറ്റും

വിശിഷ്ട ഹരിതവിദ്യാലയം പുരസ്കാരം
ഒന്നാം സമ്മാനം : ₹1 ലക്ഷം
രണ്ടാം സമ്മാനം : ₹75,000
മൂന്നാം സമ്മാനം : ₹50,000
കൂടാതെ സർട്ടിഫിക്കറ്റ്.

റവന്യൂ ജില്ലയിലെ മികച്ച സ്കൂളിന്
ശ്രേഷ്ഠ ഹരിതവിദ്യാലയം പുരസ്കാരം
₹25,000 സർട്ടിഫിക്കറ്റ്.

ഓരോ വിദ്യാഭ്യാസജില്ലയിലെയും മികച്ച
മൂന്ന് സ്കൂളുകൾക്ക് ഹരിതവിദ്യാലയം
പുരസ്കാരം
ഒന്നാം സമ്മാനം: ₹15,000
രണ്ടാം സമ്മാനം: ₹10,000
മൂന്നാം സമ്മാനം: ₹5,000
കൂടാതെ സർട്ടിഫിക്കറ്റ്.

റവന്യൂജില്ലയിലെ
മികച്ച രണ്ട് എൽ.പി. സ്കൂളുകൾക്ക്
ഹരിതമുകുളം പുരസ്കാരം ₹5,000

ഓരോ വിദ്യാഭ്യാസ ജില്ലയിലും
മികച്ച സീഡ് അധ്യാപകർക്ക്
ബെസ്റ്റ് ടീച്ചർ കോഡിനേറ്റർ
പുരസ്കാരം:
₹5000 സർട്ടിഫിക്കറ്റും.

5 സ്റ്റാർ മത്സരം (ജില്ലാതലത്തിൽ)
ഒന്നാം സമ്മാനം:
500 രൂപയുടെ പുസ്തകങ്ങൾ
രണ്ടാം സമ്മാനം:
300 രൂപയുടെ പുസ്തകങ്ങൾ
മൂന്നാം സമ്മാനം:
200 രൂപയുടെ പുസ്തകങ്ങൾ

സീഡ് പ്രവർത്തനങ്ങളിൽ
ശ്രദ്ധേയമായ
മികവ് കാട്ടുന്ന വിദ്യാർഥികൾക്ക്
ജെം ഓഫ് സീഡ് പുരസ്കാരം,
സർട്ടിഫിക്കറ്റ്.

ഏറ്റവും മികച്ച സീഡ് റിപ്പോർട്ടർമാർക്ക്
ബെസ്റ്റ് റിപ്പോർട്ടർ പുരസ്കാരം,
പ്രശസ്തിപത്രം.

ഹരിതജ്യോതി പ്രശംസാപത്രം
വിദ്യാഭ്യാസ ജില്ലയിൽ മികച്ച പ്രവർത്തനം
നടത്തുന്ന 6 വിദ്യാലയങ്ങൾക്ക്.

മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി

Federal Bank

Mathrubhumi Seed
Student Empowerment for Environmental Development
In Partnership with
Federal Bank
Hormis Memorial Foundation

STUDENT EMPOWERMENT FOR ENVIRONMENTAL DEVELOPMENT